# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി4/1277/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 12/10/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി4/1277/2021 തീയ്യതി: 12/10/2021

## കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-07-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-09-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടിഡയരക്ടർ | 22-09-2021 | 29-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-09-2021 | 29-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ബാലകൃഷ്ണൻ കെ.എം,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.കരുണാകരൻ എം,ഓഡിറ്റ് ഓഫീസർ,
ശ്രീമതി ദിശ ആർ.കെ,അസി.ഓഡിറ്റ് ഓഫീസർ,
ശ്രീമതി ലത ടി.കെ, സീ.ഗ്രേഡ് ഓഡിറ്റർ

ശ്രീ.ഷിബിൻ കെ.എസ്,ഓഡിറ്റർ.

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രൂപലേഖ കൊമ്പിലാട്ട് | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| ശ്രീ.സതീശൻ സി.പി | സെക്രട്ടറി | 01-04-2019 | 28-07-2019 |
| ശ്രീ ഷിബിൻ കെ.കെ,അസി.സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-07-2019 | 31-07-2019 |
| ശ്രീ മനോജ്കുമാർ കെ.ടി | സെക്രട്ടറി | 01-08-2019 | 22-09-2019 |
| ശ്രീ ഷിബിൻ കെ.കെ,അസി.സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-09-2019 | 30-09-2019 |
| ശ്രീ മനോജ്കുമാർ കെ.ടി | സെക്രട്ടറി | 01-10-2019 | 21-11-2019 |
| ശ്രീ ഷിബിൻ കെ.കെ,അസി.സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-11-2019 | 04-12-2019 |
| ശ്രീ മനോജ്കുമാർ കെ.ടി | സെക്രട്ടറി | 05-12-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഷിബിൻ കെ.കെ | അസി.സെക്രട്ടറി | 01-04-1919 | 31-03-2020 |
| ഡോ.പി.വി മുഹമ്മദ്കബീർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.എ ധന്യ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.ഹെലന മോൾ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.സീമ സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 01-09-2019 |
| ഡോ.നൗഷാദ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 02-09-2019 | 15-09-2019 |
| ഡോ.സീമ സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 16-09-2019 | 31-01-2020 |

| | | | |
|---|---|---|---|
| ശ്രീ രാജേഷ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-02-2020 | 21-03-2020 |
| ഡോ.സീമ സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 22-03-2020 | 31-03-2020 |
| ശ്രീമതി വിദ്യ പി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. നജുമുദ്ദീൻ | അസി.എഞ്ചിനീയർ | 01-04-2019 | 05-01-2020 |
| ശ്രീ.ഷിനോയ് എ.കെ | അസി.എഞ്ചിനീയർ,അധിക ചുമതല | 06-01-2020 | 08-01-2020 |
| ശ്രീ റിഷിലാൽ | അസി.എഞ്ചിനീയർ | 09-01-2020 | 31-03-2020 |
| ശ്രീമതി രാധിക പി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ലക്ഷ്മി ശശീന്ദ്രൻ സി.പി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി ബേബിഷീല | എച്ച്.എം | 01-04-2019 | 02-06-2019 |
| ശ്രീമതി രാജലക്ഷ്മി വി.പി | എച്ച്.എം | 03-06-2019 | 31-03-2020 |
| ശ്രീമതി ഹലീമ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-05-2019 |
| ശ്രീമതി പ്രമീള | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-06-2019 | 17-10-2019 |
| ശ്രീമതി ലക്ഷ്മി ടി കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 18-10-2019 | 31-03-2020 |
| ശ്രീമതി ഹിത എസ് | ഡി.എഫ്.ഐ | 01-04-2019 | 31-03-2020 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shibin K S (Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 1-1 |
| 2 | ബജറ്റ് മാന്വവലിലെ നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Shibin K S (Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 1-1-1 |
| 3 | തനത് വരുമാനം-ബജറ്റ് എസ്റ്റിമേറ്റുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Shibin K S (Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 1-1-2 |
| 4 | വാർഷികധനകാര്യപത്രിക<br>Written By: Shibin K S (Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 1-2 |
| 5 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 1-2-1 |
| 6 | സാമ്പത്തിക വിശകലനം<br>Written By: Shibin K S (Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: Shibin K S (Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 1-4 |
| 8 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 1-4-1 |
| 9 | പദ്ധതി അവലോകനം<br>Written By: Balakrishnan K.M (Audit Officer (HG), On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: M.Karunakaran (Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 1-6 |
| 11 | ക്ഷേമ പദ്ധതികൾ<br>Written By: Shibin K S (Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 1-7 |
| 12 | വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം<br>Written By: Shibin K S (Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 1-7-1 |
| 13 | ക്യാഷ് പരിശോധന<br>Written By: Shibin K S (Auditor, On 30-09-2021)<br>Last Updated By: Shibin K S (Auditor, On 30-09-2021) | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം<br>Written By: Balakrishnan K.M (Audit Officer (HG), On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 1-9 |
| 15 | തൊഴിൽ നികുതി അപാകതകൾ<br>Written By: T.K.Latha (Senior Grade Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 1-10 |
| 16 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല.<br>Written By: T.K.Latha (Senior Grade Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 1-11 |
| 17 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ മൂലം തനത് വരുമാനത്തിൽ നഷ്ടം. | 1-12 |

| | | |
|---|---|---|
| | Written By: T.K.Latha (Senior Grade Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | |
| 18 | ഇ.എം.എസ്.സ്മാരക ലൈബ്രറി കം ഷോപ്പിംഗ് കോംപ്ലക്സ് പ്രവർത്തനക്ഷമമല്ല<br>Written By: T.K.Latha (Senior Grade Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 1-13 |
| 19 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: Balakrishnan K.M (Audit Officer (HG), On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 1-14 |
| 20 | എച്ച്.എം ,ജിഎൽപിഎസ് ബാലുശ്ശേരി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: Balakrishnan K.M (Audit Officer (HG), On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 1-15 |
| 21 | മരാമത്ത് പ്രവർത്തികൾ പൂർത്തീകരിക്കപ്പെടുന്നില്ല. വിവിധഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭിച്ചതുകകൾ ചെലവഴിക്കാതെ ലാപ്സായി<br>Written By: M.Karunakaran (Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 1-16 |
| 22 | കൂനഞ്ചേരി അങ്കണവാടി നടപ്പാത നവീകരണം-ടെണ്ടർ കുറവ് കുറവുചെയ്യാതെ കരാറു കാരന് ഫൈനൽ ബിൽ അനുവദിച്ചു<br>Written By: M.Karunakaran (Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 1-17 |
| 23 | എരമംഗലം G.L.P.സ്കൂളിന് ചുറ്റുമതിൽ നിർമാമണം-പ്രൊജക്ട് നിർവഹണത്തിലെ അപാകതകൾ<br>Written By: M.Karunakaran (Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 1-18 |
| 24 | സിമന്റ് കോൺക്രീറ്റ് പേവ്മെന്റു് പ്രവൃത്തി -നിർവ്വഹണത്തിലെ അപാകത<br>Written By: M.Karunakaran (Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 1-19 |
| 25 | കുറുവ്വക്കാട് കുടിവെള്ള പദ്ധതിക്ക് വാട്ടർ അതോറിറ്റിയിൽ അടവാക്കിയതുക തിരികെ ഈടാക്കാൻ തുടർ നടപടികൾ അനിവാര്യം<br>Written By: M.Karunakaran (Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 1-20 |
| 26 | ഓവർ ഹെഡ് ചാർജ് അനുവദിക്കുന്നതിലെ അപാകതകൾ<br>Written By: M.Karunakaran (Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 1-21 |
| 27 | ഇ-ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടികളില്ല<br>Written By: M.Karunakaran (Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 1-22 |
| 28 | സ്കോളർഷിപ്പ് തുക മുഴുവൻ ലഭ്യമായില്ല.<br>Written By: Disha R.K (Asst. Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 1-23 |
| 29 | ലൈഫ് പദ്ധതി പ്രവർത്തനംസംബന്ധിച്ച്<br>Written By: Disha R.K (Asst. Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 1-24 |
| 30 | അഗതിരഹിത കേരളം-പ്രൊജക്ട് ഭക്ഷണവിതരണത്തിലൊതുങ്ങുന്നു.<br>Written By: M.Karunakaran (Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 1-25 |

| | | |
|---|---|---|
| 31 | ബാലുശ്ശേരി കുടിവെള്ള പദ്ധതിക്ക് പമ്പ്സെറ്റ് വാങ്ങി സ്ഥാപിക്കൽ-പ്രൊജക്ട് നിർവഹണത്തിലെ അപാകതകൾ<br>Written By: M.Karunakaran (Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 1-26 |
| 32 | ടൂർ ടി.എ). അഡ്വാൻസുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു<br>Written By: M.Karunakaran (Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 1-27 |
| 33 | ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല<br>Written By: Disha R.K (Asst. Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 1-28 |
| 34 | അങ്കണവാടി പ്രവർത്തകർക്ക് ഹോണറേറിയം. വിശദവിവരങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: Disha R.K (Asst. Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 1-29 |
| 35 | പൊതുമരാമത്ത് പ്രവർത്തികളുടെ ഫയൽ സൂക്ഷിപ്പിൽ കൃത്യതയില്ല<br>Written By: M.Karunakaran (Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 1-30 |
| | **ഭാഗം 2** | |
| 1 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതമൂലം തനത് വരുമാനത്തിൽ നഷ്ടം<br>Written By: T.K.Latha (Senior Grade Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 2-1 |
| | **ഭാഗം 3** | |
| 1 | കൂനഞ്ചേരി അങ്കണവാടി നടപ്പാത നവീകരണം-ടെണ്ടർ കുറവ് കുറവുചെയ്യാതെ കരാറു കാരന് ഫൈനൽ ബിൽ അനുവദിച്ചു<br>Written By: M.Karunakaran (Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 3-1 |
| 2 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ - കവുങ്ങിൻ തൈ വിതരണം<br>Written By: Balakrishnan K.M (Audit Officer (HG), On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shibin K S (Auditor, On 30-09-2021)<br>Last Updated By: Shibin K S (Auditor, On 30-09-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: T.K.Latha (Senior Grade Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ<br>Written By: Shibin K S (Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shibin K S (Auditor, On 30-09-2021)<br>Last Updated By: Shibin K S (Auditor, On 30-09-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Shibin K S (Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 4-5 |
| 6 | | 4-6 |

| | | |
|---|---|---|
| | സ്ഥിര നിക്ഷേപം<br>Written By: Shibin K S (Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shibin K S (Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shibin K S (Auditor, On 28-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Shibin K S (Auditor, On 28-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Balakrishnan K.M (Audit Officer (HG), On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shibin K S (Auditor, On 28-09-2021)<br>Last Updated By: Vasudevan M (Deputy Director, On 06-10-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് 12.02.2019 തീയതിയിലെ 1/1 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 13.03.2020 തീയതിയിലെ തീരുമാന നമ്പർ.1 പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

### 1-1-1 ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിച്ചില്ല

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ടെങ്കിലും, നടപടിക്രമങ്ങളുടെ രേഖപ്പെടുത്തൽ ഉണ്ടായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നടപടിക്രമങ്ങൾ | സമയം | സ്ഥിതിവിവരം |
|---|---|---|
| വിവിധ സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടത് | ഡിസംബർ 15-ന് മുമ്പ് | വിളിച്ച് ചേർത്തതായി കാണുന്നില്ല |
| സ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടത് | ജനുവരി 15-ന് മുമ്പ് | അസിസ്റ്റന്റ് എഞ്ചിനിയർ നിശ്ചിത പ്രൊഫോർമയിൽ സമർപ്പിച്ച പ്രതീക്ഷിത വരവ്-ചെലവുകൾ ബജറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ബാക്കി സ്ഥാപന മേധാവികൾ സമർപ്പിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനുവരി 22-ന് മുമ്പ് | വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനുട്സ് പരിശോധിച്ചതിൽ ജനുവരി 22-ന് മുൻപായി ചർച്ച ചെയ്തിട്ടില്ല |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1-ന് മുമ്പ് | ബജറ്റ് രേഖകളായി ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നടപടിക്രമങ്ങൾ പാലിച്ചോയെന്ന് ഉറപ്പാക്കാനായില്ല |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1-ന് മുമ്പ് | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 07-02-2019ലെ തീരുമാന നം.5(2)/19 പ്രകാരം 2019-20 വർഷത്തെ ബജറ്റ് ഭരണസമിതിക്ക് മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കാൻ തീരുമാനിച്ചു |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം | മാർച്ച് 7-ന് മുമ്പ് | 08-02-2019ന് നടന്ന പ്രത്യേക യോഗത്തിൽ അവതരിപ്പിച്ചു. |

| | | |
|---|---|---|
| പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | | |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31-ന് മുമ്പ് | 12-02-2109 നടന്ന സാധാരണ യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. |

## 1-1-2 തനത് വരുമാനം-ബജറ്റ് എസ്റ്റിമേറ്റുമായി പൊരുത്തപ്പെടുന്നില്ല

പ്രധാന തനത് വരുമാന ഇനങ്ങളിൽ ബഡ്ജറ്റ് വിഭാവനം ചെയ്ത വരവും യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരമുണ്ട്. ഓരോ ഇനത്തിലും മുൻവർഷങ്ങളിലെ വരവ് പരിഗണിച്ചുകൊണ്ട് തൻവർഷത്തെ പ്രതീക്ഷിത വരവ് തയ്യാറാക്കുമ്പോൾ ഇത്രവലിയ അന്തരം ഉണ്ടാകാൻ സാധ്യത ഇല്ലാത്തതാണ്. അതല്ല; തനത് വരുമാനത്തിൽ ഒരു കുതിച്ച് ചാട്ടം ഉണ്ടാക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിൽ അതിന് അനുസൃതമായ ഭരണസമിതി തീരുമാനങ്ങളോ ശ്രമങ്ങളോ ഉണ്ടായതായും കാണുന്നില്ല. പ്രധാന തനത് വരുമാന ഹെഡ്ഡുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് വസ്തുതാപരമായല്ല എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. വ്യതിയാനത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഹെഡ്ഡ് | ബജറ്റ് എസ്റ്റിമേറ്റ് | വാർഷികകണക്ക പ്രകാരം വരവ് |
|---|---|---|
| 130 - നികുതിയിതര വരവുകൾ | 3,05,000 | 65,750 |
| 140 - ഫീസ് & യൂസർചാർജ്ജസ് | 21,85,500 | 16,59,230 |
| 150 - സെയിൽ &ഹയർ ചാർജ്ജസ് | 1,55,000 | 1,31,044 |
| 170- നിക്ഷേപത്തിൽ നിന്നുള്ള വരുമാനം | 2,75,000 | 3,73,778 |
| 180 - മറ്റു വരവുകൾ | 57,500 | 1,11,801 |

വർക്ക് ഷീറ്റുകളുടെ അഭാവത്തിൽ മേൽ വ്യതിയാനത്തിനുള്ള കാരണം വ്യക്തമാകുന്നില്ല

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 21.05.2020 |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. 2019-20 വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-43 പ്രകാരം വസ്തുനികുതി റസിഡൻഷ്യൽ (അരിയർ) ഇനത്തിൽ 10,381 രൂപയും വസ്തുനികുതി നോൺ-റസിഡൻഷ്യൽ (അരിയർ) ഇനത്തിൽ 75,722 രൂപയും കളക്ഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ

2018-19 വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഇല്ല.

2. 2019-20 വർഷം തൊഴിൽ നികുതി ഇനത്തിൽ രജിസ്റ്റർ പ്രകാരമുള്ള കളക്ഷനും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കളക്ഷനും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | തൊഴിൽനികുതി രജിസ്റ്റർ പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|
| തൊഴിൽനികുതി (എംപ്ലോയീസ്) | 22,43,300 | 21,93,800 |
| തൊഴിൽനികുതി (ഇൻസ്റ്റിറ്റ്യൂഷൻ/ പ്രൊഫഷണൽസ്/ ട്രേഡേഴ്സ്) | 9,24,270 | 9,22,470 |

3. 2019-20 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം Contractor Earnest Money Deposit ഹെഡ് ഇനത്തിൽ നീക്കിയിരിപ്പ് ഇല്ല. എന്നാൽ വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂൾ പ്രകാരം ഈ ഇനത്തിൽ 53,778 രൂപയുടെ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

4. Sale Of Tender Forms ഇനത്തിൽ (RP-5) തൻവർഷം 79,046 രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. വരവ് തുകയുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

5. വാർഷിക ധനകാര്യ പത്രിക ബി11, ബി 11 എ എന്നീ പത്രികകൾ പ്രകാരം 31.03.2020 തിയ്യതി വരെയുള്ള സ്ഥാപനത്തിന്റെ ആകെ ആസ്തിമൂല്യം 8,60,69,300 രൂപയാണ്. എന്നാൽ 31.03.2020 തിയ്യതി വരെ മൂലധന ചെലവുകൾക്കായി സ്ഥാപനം 6,07,82,843 രൂപയാണ് ചെലവഴിച്ചിട്ടുണ്ട്. ആസ്തി ആർജ്ജിക്കുന്നതിനായി സ്ഥാപനം ചെലവഴിച്ച തുകയും ആസ്തിമൂല്യവും തമ്മിൽ 2,52,86,457 രൂപയുടെ വ്യത്യാസം ഉണ്ട്. തനത് ഫണ്ട് ചെലവഴിച്ച് ആർജ്ജിച്ച ആസ്തികളുടെ ചെലവ് മൂലധന ചെലവായി രേഖപ്പെടുത്തുന്നതിൽ വീഴ്ചയുണ്ടായെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

6. മിസലേനിയസ് ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇത് കാരണം RP-4 ൽ പെർമിറ്റ് ഫീ, ക്രമവത്കരണ ഫീ, ലൈസൻസ് ഫീ എന്നിവ ഒഴികെയുള്ളവയുടെ വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

7. ആസ്തികൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തേക്കുള്ള ഡിപ്രിസിയേഷൻ കണക്കാക്കിയത് വർക്ക് ഷീറ്റ് ഇല്ലാതെയാണ്.

8. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-16 ഷെഡ്യൂൾ പ്രകാരം പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

9. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,43,20,037 |
| ഓഡിറ്റ് വർഷത്തെ വരവ് | 7,39,82,202 |
| ആകെ | 9,83,02,239 |
| | |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | 7,50,95,335 |
| നീക്കിയിരിപ്പ് | 2,32,06,904 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,22,03,824 | 1,22,03,824 | 1,18,79,272 | 3,24,552 | ക്യൂബിൽ തുക 2,16,321 ലാപ്സായ തുക 1,08,231 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 95,34,471 | 95,34,471 | 73,87,522 | 21,46,949 | ക്യൂബിൽ തുക 12,54,829 ലാപ്സായ തുക 8,92,120 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 4,09,000 | 4,09,000 | 4,09,000 | 0 | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 61,56,000 | 61,56,000 | 29,89,529 | 31,66,471 | ക്യൂബിൽ തുക 5,607 ലാപ്സായ തുക 31,60,864 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 39,42,000 | 39,42,000 | 23,59,968 | 15,82,032 | ക്യൂബിൽ തുക 13,80,409 ലാപ്സായ തുക 2,01,623 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 1,02,59,529 | 1,02,59,529 | 37,32,061 | 65,27,468 | ക്യൂബിൽ തുക 14,43,881 ലാപ്സായ തുക 50,83,587 |
| എസ്.എസ്.എ | 3,48,873 | 11,236 | 3,60,109 | 0 | 3,60,109 | |
| ഐ.സി. ഡി.എസ് | 7,09,308 | 16,40,690 | 23,49,998 | 14,84,439 | 8,65,559 | |
| സാക്ഷരത | 1,820 | 82 | 1,902 | 0 | 1,902 | |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1. ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി) ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 5,89,85,190 | 1,54,28,842 |
| വികസനഫണ്ട് (എസ്.സി.പി) | 7,13,53,384 | 1,13,86,529 |
| വികസനഫണ്ട് (ടി.എസ്.പി) | 11,36,983 | 4,84,000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1,29,21,328 | 1,12,05,326 |

2. വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സ്കീമിന്റെ (കേന്ദ്രാവിഷ്കൃത ഫണ്ട്) വരവായി ഉൾപ്പെടുത്തിയ തുക (1,70,00,000) വാർഷിക കണക്കിലെ തുകയുമായി(16,40,690) പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

തൻവർഷം 193 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 119 പ്രൊജക്ടുകൾ നടപ്പിലാക്കി. 102059418 രൂപ പദ്ധതി വകയിരുത്തിയതിൽ 48036057 രൂപയാണ് ചെലവഴിച്ചത്. എ.സി.ആർ പ്രകാരം പഞ്ചായത്തിന് ലഭിച്ച തുകയിൽനിന്ന് ക്യൂബിൽ ആയ തുക കുറച്ചാൽ 9446425 രൂപ വിവിധ ഗ്രാന്റിനത്തിൽ പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്.വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ഫണ്ടിനം | ലാപ്സായ തുക |
|---|---|
| വികസനഫണ്ട് – ജനറൽ | 108231 |
| വികസനഫണ്ട് (എസ്.സി.പി) | 892120 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 3160864 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) | 201623 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 5083587 |
| ആകെ | 9446425 |

ഏറ്റവും കൂടുതൽ തുക ലാപ്സാക്കിയത് അസിസ്റ്റന്റ് എഞ്ചിനീയറാണ്. മരാമത്ത് പ്രവൃത്തികളുടെ 83 പ്രൊജക്റ്റുകൾക്ക് അംഗീകാരം ലഭിച്ചതിൽ 31 പ്രൊജക്റ്റുകൾ മാത്രമാണ് നടപ്പിലാക്കിയത്.

സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിവിധ വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകളിൽ ആവശ്യമായ ചർച്ചകൾ നടന്നതായി കാണുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റികൾ പദ്ധതി നിർവ്വഹണത്തിന്റെ മേൽനോട്ടം, മോണിറ്ററിംഗ് എന്നിവ കാര്യക്ഷമമായി നിർവ്വഹിച്ചിട്ടില്ല. കാർഷിക മേഖലയിൽ നടപ്പിലാക്കിയ പ്രൊജക്റ്റുകൾ പരിശോധിച്ചതിൽ വിളവിസ്തൃതി വർദ്ധിപ്പിക്കാനുതകുന്ന തരത്തിലല്ല പ്രൊജക്റ്റുകൾ നടപ്പാക്കിയത്. വിത്തുകൾ, തൈകൾ എന്നിവയുടെ വിതരണം സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിലാകണം എന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല. കൂടാതെ സബ്സിഡി നൽകിയതിലും അപാകതകൾ കാണുന്നുണ്ട്. ഉദാഹരണമായി കവുങ്ങിൻ തൈ വിതരണത്തിൽ സബ്സിഡി അധികം നൽകിയതായി കാണുന്നു. എച്ച്.എം.ജി.എൽ.പി സ്കൂൾ ബാലുശ്ശേരി നടപ്പിലാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകിയതിൽ ഗുണഭോക്തൃ ലിസ്റ്റിലില്ലാത്തവർക്കും ആനുകൂല്യം നൽകിയതായി കാണുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അർഹമായ മുഴുവൻ തുകയും നൽകിയതായി കാണുന്നില്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,64,309 | 18,84,074 | 20,48,383 | 11,84,705 | 8,63,678 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 1,92,000 | 5,47,21,000 | 5,49,13,000 | 5,49,13,000 | 0 |

ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സാമ്പത്തിക വർഷം വരെ 5779 കുടുംബങ്ങളിൽ നിന്നായി 9194 പേർ തൊഴിലിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ 4089 കുടുംബങ്ങളിൽ നിന്നായി 4446 പേർ തൊഴിലിനായി അപേക്ഷിക്കുകയും അത്രയും പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

ആക്ഷൻ പ്ലാൻ പ്രകാരം 405 പ്രവൃത്തികൾക്കായി 71700000 രൂപ വകയിരുത്തിയതിൽ 300 പ്രവൃത്തികളിലായി 71233969 രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ 230 പ്രവൃത്തികളിലൂടെ 209220 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും തൊഴിലാളികളുടെ കൂലി ഇനത്തിൽ 54721000 രൂപ ചെലവഴിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിൽ 1179 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനം ലഭ്യമായിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച പ്രവൃത്തികളിൽ ഭൂരിഭാഗവും മണ്ണ് ജല സംരക്ഷണ പ്രവൃത്തികളാണ് കേവലം 19 മെറ്റീരിയൽ പ്രവൃത്തികൾ മാത്രമെ സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുള്ളൂ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം തൊഴിലാളികളുടെ കൂലി രണ്ടാഴ്ചയിലൊരു ദിവസം നൽകേണ്ടതും യാതൊരു കാരണവശാലും മസ്റ്റർ റോൾ ക്ലോസ് ചെയ്ത തിയ്യതി മുതൽ 15 ദിവസത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്. എന്നാൽ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളിൽ ഒന്നുംതന്നെ നിശ്ചിത സമയപരിധിക്കുള്ളിൽ തൊഴിലാളികളുടെ വേതന വിതരണം നടത്തിക്കാണുന്നില്ല.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 3,61,320 | 245 |
| കർഷക തൊഴിലാളി പെൻഷൻ | 21,64,800 | 645 |
| വിധവാ പെൻഷൻ | 41,67,000 | 1204 |
| വാർദ്ധക്യകാല പെൻഷൻ | 58,16,100 | 1771 |
| വികലാംഗ പെൻഷൻ | 9,97,800 | 283 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3,69,600 | 106 |
| വിവാഹ ധനസഹായം | 90,000 | 3 |

## 1-7-1 വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തെ വിവിധ ക്ഷേമ പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈക്കൊള്ളുന്നതായി കാണുന്നില്ല. വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ മുതലായ ഇനങ്ങളിൽ മാസങ്ങൾക്ക് മുമ്പ് ലഭിച്ച അപേക്ഷകളിലും തീരുമാനം എടുക്കാൻ വൈകുന്നതായി രജിസ്റ്ററുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | അപേക്ഷകന്റെ പേര് | പെൻഷൻ ഇനം | അപേക്ഷ ലഭിച്ച തീയതി | തീരുമാനം എടുത്ത തീയതി |
|---|---|---|---|---|
| 1 | പാത്തുമ്മ, തെക്കെയിൽ, ബാലുശ്ശേരി | വിധവ പെൻഷൻ | 02.04.2019 | 23.07.2019 |
| 2 | ലത.എം.കെ, കവ്വക്കാട്ടുമ്മേൽ, | | 03.07.2019 | 17.09.2019 |

| | | | | |
|---|---|---|---|---|
| | എരമംഗലം | | | |
| 3 | ഇന്ദിര.പി.വി, അണോൽ വീട്, ബാലുശ്ശേരി | | 26.07.2019 | 11.10.2019 |
| 4 | ഉണ്ണി നായർ, എളമ്പിലാവിൽ, കോക്കല്ലൂർ | കർഷകത്തൊഴിലാളി പെൻഷൻ | 01.08.2019 | 07.11.2019 |
| 5 | ഖദീജ.പി.കെ, പാലക്കുഴിയിൽ, കോക്കല്ലൂർ | | 13.02.2020 | 27.04.2020 |
| 6 | ജനീഷ്, താഴെ പറമ്പത്ത്, കോക്കല്ലൂർ | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 01.08.2019 | 23.10.2019 |
| 7 | തങ്കമണി.കെ, കരുവങ്ങൽ, എരമംഗലം | വാർദ്ധക്യകാല പെൻഷൻ | 08.04.2019 | 19.08.2019 |
| 8 | മോഹൻ.കെ, കാരയാട്ട്, തുരുത്യാട് | | 11.04.2019 | 06.08.2019 |
| 9 | ഗോപി.കെ.കെ, കല്ലേരിക്കണ്ടി, എരമംഗലം | | 27.07.2019 | 11.10.2019 |
| 10 | കുമാരൻ, നടുപറമ്പിൽ, ബാലുശ്ശേരി | | 08.05.2019 | 23.07.2019 |

അന്വേഷണ ഉദ്യോഗസ്ഥൻ അപേക്ഷകളിൽ അന്വേഷണം നടത്തി അപേക്ഷകൾ തിരിച്ചേൽപ്പിച്ചിട്ടും ഇവയിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു. കർഷകതൊഴിലാളി പെൻഷന് 45 ദിവസത്തിനകവും, മറ്റ് പെൻഷനുകൾക്ക് 40 ദിവസത്തിനകവും തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം ഉണ്ടാവാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-09-2021 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,12,407 രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2019-20ലെ ഡേബുക്ക്, സാംഖ്യ രശീതുകൾ എന്നിവയുടെ പരിശോധനയിൽ ഡേ ബുക്കിനോടൊപ്പം അതാത് ദിവസത്തെ ക്യാൻസൽഡ് രസീത് റിപ്പോർട്ടുകൾ പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വിവിധ ക്ഷേമ

പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു. വാർധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ മുതലായ ഇനങ്ങളിൽ മാസങ്ങൾക്ക് മുമ്പ് ലഭിച്ച അപേക്ഷകളിൽ തീരുമാനം എടുക്കാൻ വൈകുന്നതായി രജിസ്റ്ററുകൾ പരിശോധിച്ചതിൽ വ്യക്തമാകുന്നു. തൻവർഷം ജീവനക്കാർ, മെമ്പർമാർ തുടങ്ങിയവർ വിവിധ ആവശ്യങ്ങൾക്ക് ടി.എ അഡ്വാൻസ് ഇനത്തിൽ കൈപ്പറ്റിയ തുകകൾ നിലവിലും അഡ്ജസ്റ്റ് ചെയ്യാതെ അവശേഷിക്കുന്നതായി കാണുന്നു.

1-10 തൊഴിൽ നികുതി അപാകതകൾ

2019-20 ഓഡിറ്റ് തൊഴിൽ നികുതി ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(I)മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | ഏറ്റെടുത്ത പ്രവർത്തിയുടെ എണ്ണം |
|---|---|---|
| 1 | ഫിറോസ് കെ.ടി | 1 |
| 2 | വിജേഷ് എം. (PWDകോൺട്രാക്ടർ) | 13 |
| 3 | പി.പി മൊയ്തീൻകോയ (PWDകോൺട്രാക്ടർ) | 4 |
| 4 | എ.എം രവീന്ദ്രൻ (PWDകോൺട്രാക്ടർ) | 4 |
| 5 | ബിജു.ടി.വി (PWDകോൺട്രാക്ടർ) | 2 |
| 6 | ഷൈജു.കെ | 9 |
| 7 | ബിജു.എം (PWDകോൺട്രാക്ടർ) | 3 |
| 8 | വിനീഷ് (PWDകോൺട്രാക്ടർ) | 1 |
| 9 | ഗിരീഷ് കുമാർ | 1 |

Ii) തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല

ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ എണ്ണം പ്രകാരമുള്ള തൊഴിൽ നികുതി റിട്ടേൺ ഉടമകൾ സമർപ്പിച്ചതായോ 1994-ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി നിയമം 205 ബി, 1996-ലെ തൊഴിൽ നികുതി ചട്ടം 13

എന്നിവ പ്രകാരമുള്ള നികുതി ഈടാക്കേണ്ട ജീവനക്കാരുടെ ലിസ്റ്റ് സമർപ്പിക്കാൻ ഉടമസ്ഥനോടോ കൈവശക്കാരനോടോ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടതായോ കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനം/ വ്യാപാരികളുടെ പേര് | വ്യാപാരം സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | അബ്ദുൾ അസീസ്.കെ | മാർജിൻ ഫ്രീ മാർക്കറ്റ് | 3 |
| 2 | ഷിജു.കെ.പി | ഗ്രീൻ ലാൻഡ് ഫാമിലി റസ്റ്റോറന്റ് | 8 |
| 3 | അബ്ദുൾ ലത്തീഫ്.എം.എൻ | ഹോട്ടൽ റീജൻസി | 7 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ജീവനക്കാരന്റെ പേര്, അർദ്ധവാർഷിക വരുമാനം, ഈടാക്കിയ നികുതി, രസീത് നമ്പർ, തീയതി സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (12/2019-20/29.09.2021) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും, മേൽ പ്രതിപാദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും, തൊഴിൽ നികുതി ഈടാക്കി, രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

<u>1-11 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല.</u>

2019-20 ഓഡിറ്റിന്റെ ഭാഗമായി ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകിയത് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. <u>മുഴുവൻ ട്രേഡേഴ്സിനേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല</u>

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ വാർഡ് തിരിച്ചുള്ള ഒരു ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്തിൽ നിലനിന്നു പോരുന്നത്.

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം ഫാക്ടറികൾക്കും കച്ചവട സ്ഥാപനങ്ങൾക്കും സംരംഭങ്ങൾക്കും മറ്റു സേവനങ്ങൾക്കും ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുമുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ലാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തതിട്ടാണോ പ്രവർത്തിച്ചത് എന്ന് വ്യക്തമല്ല.

<u>കുറഞ്ഞ ലൈസൻസ് ഫീ ഈടാക്കുന്നതിനാൽ നഷ്ടം സംഭവിക്കുന്നു.</u>

ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള 2018 ലെ ഭേദഗതി നിയമത്തിലെ ചട്ടപ്രകാരം 7 ലെ പട്ടിക II പ്രകാരം ഉത്പാദനമേഖലയിൽ 25 ലക്ഷത്തിൽ കൂടാത്തതും, സേവന മേഖലയിൽ 10 ലക്ഷത്തിൽ കൂടാത്തതുമായ മൂലധന നിക്ഷേപമുള്ള സ്ഥാപനത്തിന്റെ വാർഷിക ലൈസൻസ് ഫീസ് 500/- രൂപയാണ്. എന്നാൽ അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ പല സ്ഥാപനങ്ങളുടെയും ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവുള്ളതായി ബോദ്ധ്യപ്പെട്ടു.

ആകെ 1231 സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് പുതുക്കുകയോ/പുതിയ ലൈസൻസ് എടുക്കുകയോ ചെയ്തിട്ടുണ്ട്. എന്നാൽ ഇവയിൽ 131 സ്ഥാപനങ്ങൾക്ക് 200/- രൂപാ വീതവും, 394 സ്ഥാപനങ്ങൾക്ക് 300/- രൂപാ വീതവും ആണ് ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്. ലൈസൻസ് ഫീ കുറച്ച് ഈടാക്കിയതുമൂലം ചുവടെ പറയും പ്രകാരം ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

131 X 300 = 39300/-രൂപയും, 394X200 = 78800/- രൂപയും, ആകെ ഈ ഇനത്തിൽ 118100/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. 2018 ലെ ചട്ടം പട്ടിക II-ൽ നിഷ്കർഷിക്കുന്നതിൽ നിന്നും വ്യത്യസ്തമായ തുക ലൈസൻസ് ഫീസായി ഈടാക്കിയതിൽ വിശദീകരണം നൽകേണ്ടതാണ്.

<u>3.യന്ത്രങ്ങൾ പ്രവർത്തിക്കുന്നതിനുള്ള ഫീസ് ഈടാക്കിയില്ല.</u>

പട്ടിക III, IV എന്നിവ പ്രകാരം വൈദ്യുതി ഉപയോഗിച്ചോ അല്ലാതെയോ യന്ത്രങ്ങൾ പ്രവർത്തിക്കുമ്പോൾ ഈടാക്കേണ്ടതായ മെഷീൻ റണ്ണിംഗ് ഫീസ് താഴ കാണിച്ച സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേരും, വിലാസവും | സ്ഥാപനം | ഉപയോഗിക്കുന്ന മോട്ടറിന്റെ കുതിരശക്തി |
|---|---|---|---|
| 1 | മഹേശൻ, മുണ്ടാടിച്ചാലിൽ , തുരുത്യാട് | സൂര്യ ഫർണ്ണിച്ചർ, ബാലുശ്ശേരി | 4 H P |
| 2 | സുജയ തെക്കേടത്ത് | ഹെറിറ്റേജ് ഫുഡ് ബേക്കറി സാധനങ്ങൾ നിർമ്മിച്ച് സ്റ്റോക്ക് ചെയ്യുന്നതിന് | 1.5 H P |
| 3 | ഒ.എം ഷാജി, | ഓയിൽ കം | 10 H P |

| | | | |
|---|---|---|---|
| | അക്കനിമലയിൽ എരമംഗലം, ബാലുശ്ശരി | ഫ്ലോർ മില്ല് | |
| 4 | മുസ്തഫ .പി പാലയുള്ളതിൽ കോക്കല്ലൂർ | സോമില്ല് | 29.5 H P |

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (11/2019-20/29.09.21) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും, തനത് വരുമാനത്തിൽ ചോർച്ച ഉണ്ടാവുന്നില്ലെന്ന്, സെക്രട്ടറിയും, ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതാണ്. കുറഞ്ഞ ലൈസൻസ് ഫീ ഈടാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതുമാണ്. കൂടാതെ മേൽ പ്രതിപാദിച്ച സ്ഥാപനങ്ങളിൽ നിന്ന് മോട്ടർ റണ്ണിംഗ് ഫീ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, ഈടാക്കിയിട്ടില്ലെങ്കിൽ ഫീ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ മൂലം തനത് വരുമാനത്തിൽ നഷ്ടം.

ഗ്രാമപഞ്ചായത്തിന്റ 2019 - 20വർഷത്തെ വരവിനങ്ങളുടെ ഓഡിറ്റിന്റെ ഭാഗമായി വസ്തുനികുതി നിർണ്ണയഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതൾ ചുവടെ ചേർക്കുന്നു.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ കെട്ടിടത്തിന്റെ വിവിധ ഉപയോഗക്രമമനുസരിച്ച് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ആയതിൽ 100 $M^2$ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 40/- രൂപയും, 100 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 50/- രൂപയുമാണ്. 200 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 70/- രൂപയുമാണ് മേൽ ചട്ടത്തിലെ 3-ാംചട്ടത്തിലെ ഉപചട്ടം 2, 5 എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി കെട്ടിടത്തെ പല മുറികളായി തിരിച്ച് അടിസ്ഥാനനിരക്ക് വസ്തുനികുതി നിർണ്ണയിച്ചു. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം. | കെട്ടിട നമ്പർ തറവിസ്തീർണ്ണം | ഉടമസ്ഥന്റെ പേര്, മേൽവിലാസം | പൂർത്തികരണ/ റെഗുലറൈസേഷൻ പ്ലാൻ പ്രകാരമുള്ള തറവിസ്തീർണ്ണം | നികുതി ഈടാക്കിയ തറവിസ്തീർണ്ണം |
|---|---|---|---|---|
| 1 | 8/30 C മുതൽ 8/ 30 F വരെ - 151.75 ച.മീ 8/30 മുതൽ 8/30 വരെ – 474.15 ച.മീ | നിത അനുരാധ് ബാലുശ്ശേരി | 625.91 ച.മീ (പ്രഥമ മേഖല) | 625.91 ച.മീ |
| 2 | 2/305 A-32 ച.മീ | സിദ്ധീഖുൽ അക്ബർ | 318.3 ച.മീ | 318.3 ച.മീ |

| | | | | |
|---|---|---|---|---|
| | 2/305 B-32 ച.മീ<br>2/305 D – 32 ച.മീ<br>2/305 E -32 ച.മീ<br>2/305 F- 20.44ച.മീ<br>2/305 G- 26.8 ച.മീ<br>2/305 H-26.8 ച.മീ<br>2/305 J -26.8 ച.മീ<br>2/305 K -35.86ച.മീ<br>2/305 L -26.8 ച.മീ<br>2/305 M - 26.8 ച.മീ<br>318.3 ച.മീ | അക്ബർ മൻസിൽ<br>ബാലുശ്ശേരി, കോക്കല്ലൂർ | | |
| 3 | 7/741-D – 179.42ച.മീ<br>7/741-E -19.75ച.മീ<br>7/741-F – 22.54 ച.മീ<br>7/741-G -22.81 ച.മീ<br>244.52 | പ്രസിഡണ്ട്<br>റിജീയണൽ കോപ്പറേറ്റീവ് ബാങ്ക്, ബാലുശ്ശേരി | 244.52 ച.മീ | 244.52 ച.മീ |
| 4 | 7/1207 M - 24.3ച.മീ<br>7/1207 N - 24.3ച.മീ<br>7/1207 P- 24.3ച.മീ<br>7/1207 Q- 24.3ച.മീ<br>7/1207 R- 24.3ച.മീ<br>7/1207 S - 24.3ച.മീ<br>145.8 ച.മീ | മിർഷാദ്<br>ചോലവീട്ടിൽ<br>വളയനാട് ,<br>ഗുരുവായൂരപ്പൻ കോളേജ്<br>കോഴിക്കോട് | 427.68ച.മീ<br>2016-17 ൽ -280.28ച.മീ<br>2019-20 ൽ - 145.8 ച.മീ | 426.08ച.മീ |

ക്രമനമ്പർ (1) പ്രകാരമമുള്ള വാണിജ്യകെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരവും, സഞ്ചയ സോഫ്റ്റ് വെയർ പ്രകാരവും കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം 625.91 ച.മീ ച.മീ ആണ് . പ്രസ്തുത കെട്ടിടത്തിന്റെ പൂർത്തികരണം രണ്ട് ഘട്ടങ്ങളിലായാണ് നടന്നിട്ടുള്ളത്. ഭാഗികമായ പൂർത്തികരണ പ്ലാൻ (2015-16 രണ്ടാം അർദ്ധവർഷം) നൽകിയ തീയതിയിൽ താഴത്തെ നിലയുടെ (151.75ച.മീ) പൂർത്തികരണം മാത്രമാണ് നടത്തിയിട്ടുള്ളത്. അതിനാൽ 100 $M^2$ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രുമീറ്ററിന് 40/- രൂപ എന്ന് രീതിയിൽ വസ്തു നികുതി കണക്കാക്കി. എന്നാൽ പെർമിറ്റ് പ്രകാരം പൂർത്തികരണപ്ലാൻ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചപ്പോൾ കെട്ടിട നമ്പർ 8/30 C, D, E, F (തറവിസ്തീർണ്ണം 22.97 ച.മീ+ 22.63 ച.മീ+ 98.59 ച.മീ +7.565) നൽകുകയും 100 $M^2$ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രുമീറ്ററിന് 40/- രൂപ എന്ന രീതിയിൽ നികുതി കണക്കാക്കുകയും ചെയ്തു. പൂർത്തികരണ പ്ലാൻ നൽകിയപ്പോൾ 2019 ഒന്നാം അർദ്ധവർഷം) (എ4-3613/19 തീയതി 3/ 6/19) 474.15 ച.മീ ന് വിവിധ നമ്പറുകൾ നൽകി അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രുമീറ്ററിന് 70/- രൂപായി കണക്കാക്കിയിട്ടുണ്ട്.

മേൽ കെട്ടിടത്തിന്റെ പൂർത്തികരണ പ്ലാൻ നൽകിയപ്പോൾ വസ്തുനികുതി 200 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് 70/- രൂപ എന്ന് കണക്കാക്കാതെ ഭാഗികമായ പൂർത്തികരിച്ച 151.75 ച.മീ തറവിസ്തീർ ണ്ണത്തിന് 100 $M^2$ന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രുമീറ്ററിന് 40/- രൂപ എന്ന രീതിയിൽ കണക്കാക്കിയതിനാലും, പൂർത്തികരണ പ്ലാൻ പ്രകാരമുള്ള തറവിസ്തീർണ്ണത്തിന് മുഴുവനും 200 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് 70/- രൂപ എന്ന് ബാധകമാക്കാത്തതിനാലും വസ്തുനികുതി ഈടാക്കിയതിൽ 2019 ഒന്നാം അർദ്ധവർഷം മുതൽ (151.75X30+20% 5463) = 5463/-രൂപയും, ലൈബ്രറി സെസ്സിനത്തില് 273/-രൂപയും നഷ്ടമുണ്ടായിട്ടുണ്ട്.

ക്രമനമ്പർ (2) പ്രകാരമമുള്ള വാണിജ്യകെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണവും,നിർണ്ണയിച്ച തറവിസ്തീർണ്ണം 318.3 ച.മീ_ആണ്. എന്നാൽ 100 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിര ക്ക് ചതുരശ്രുമീറ്ററിന് 50/- രൂപ എന്ന് കണക്കാക്കിയതിനാലും, 200 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രുമീറ്ററിന് 70/- രൂപ എന്ന് കണക്കാക്കത്തിനാലും ( 148.44X70+20% = 12469) + (169.86x70-5%+20% =13555) - 148.44X50+20% = 8906) + (169.86x50-5%+20% =9682) =7436/- രൂപ വസ്തുനികുതി ഇനത്തിലും 372/-രൂപ ലൈബ്രറി സെസ് ഇനത്തിലും രണ്ടാം അർദ്ധ വർഷം മുതൽ നഷ്ടം ഉണ്ടായിട്ടുണ്ട്. 2019-20 ൽ 3718/- രൂപ വസ്തുനികുതി ഇനത്തിലും 186/-രൂപ ലൈബ്രറി സെസ് ഇനത്തിലും നഷ്ടം ഉണ്ടായിട്ടുണ്ട്.

ക്രമനമ്പർ (3) പ്രകാരമമുള്ള വാണിജ്യകെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണവും, നിർണ്ണയിച്ച തറവിസ്തീർണ്ണം 244.52 ച.മീ_ആണ്. എന്നാൽ 100 $M^2$ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിര ക്ക് ചതുരശ്രുമീറ്ററിന് 40/- രൂപ എന്ന് കണക്കാക്കിയതിനാലും, 200 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിര ക്ക് ചതുരശ്രുമീറ്ററിന് 70/- രൂപ എന്ന് കണക്കാക്കത്തിനാലും (244.52X70-5%+20% = 19513) - (244.52X40-5%+20% = 11150) = 8363/- രൂപ വസ്തുനികുതി ഇനത്തിലും 418/- രൂപ ലൈബ്രറി സെസ് ഇനത്തിലും രണ്ടാം അർദ്ധ വർഷം മുതൽ നഷ്ടം ഉണ്ടായിട്ടുണ്ട്. 2019-20 ൽ 4182/-രൂപ വസ്തുനികുതി ഇനത്തിലും 209/-രൂപ ലൈബ്രറി സെസ് ഇനത്തിലും നഷ്ടം ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിൽ മേൽ കെട്ടിടത്തിൽ പൂർത്തികരിച്ച മുറികളുടെ വസ്തുനികുതി കൂടി പുന പരിശോധിച്ച് നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

ക്രമനമ്പർ (4) പ്രകാരമമുള്ള വാണിജ്യകെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം 427.68ച.മീ നിർണ്ണയിച്ച തറവിസ്തീർണ്ണം 426.08ച.മീ ച.മീ ആണ്. എന്നാൽ 100 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 50/- രൂപ എന്ന് കണക്കാക്കിയതിനാലും, 200 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിര ക്ക് ചതുരശ്രമീറ്ററിന് 70/- രൂപ എന്ന് കണക്കാക്കത്തിനാലും (147.40x70-5%+20% = 11763) – ( 145.8X50-5%+20% = 8311 ) = 3452/- രൂപ വസ്തുനികുതി ഇനത്തിലും 173/-രൂപ ലൈബ്രറി സെസ് ഇനത്തിലും ഒന്നാം അർദ്ധ വർഷം മുതൽ നഷ്ടം ഉണ്ടായിട്ടുണ്ട്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (28/2019-20 തീയതി - 30.09.2021 ) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ കെട്ടിടങ്ങളുടെയും, 2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ വസ്തു നികുതി ബാധകമായ മുഴുവൻ കെട്ടിടങ്ങളുടെയും വസ്തു നികുതി പുനപരിശോധിച്ച് പുനർ നിർണ്ണയിക്കേണ്ടതും, നികുതിയിനത്തിൽ നഷ്ടം വന്ന തുക ഈടാക്കേണ്ടതും, കൂടാതെ 2019-20 ൽ നികുതി നിർണ്ണയിച്ച അഷറഫ് മലയിൽ അകത്തൂട്ട്, ബാലകൃഷണൻ കോലാടത്ത് മീത്തൽ,അബ്ദു റഹീം, നൂർജഹാൻ കൊല്ലംകണ്ടി എന്നിവരുടെ വാണിജ്യകെട്ടിടങ്ങളുടെയും നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതുമാണ്. മേൽ പറഞ്ഞപ്രകാരം നഷ്ടം വന്ന വസ്തുനികുതി ഇനത്തിലെ 16815 /-രൂപയും, ലൈബ്രറി സെസ്സിനത്തിൽ 841 /-രൂപയും ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും. വാണിജ്യകെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കുമ്പോൾ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള നികുതി നിർണയത്തിന് ബാധകമായ പൂർണ്ണമായ തറവിസ്തീർണ്ണത്തിനും നികുതി നിർണയിച്ചിട്ടുണ്ടെന്ന് സെക്രട്ടറിയും, ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതുമാണ്.

<u>1-13 ഇ.എം.എസ്.സ്മാരക ലൈബ്രറി കം ഷോപ്പിംഗ് കോംപ്ലക്സ് പ്രവർത്തനക്ഷമമല്ല</u>

2010-11 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.6 പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 29.05.2019 ലെ 16/1 നമ്പർ ഭരണസമിതി തീരുമാന പ്രകാരം പ്രസ്തുത കെട്ടിടത്തിലേക്ക് വഴി ലഭിച്ചതിനാൽ 2003-04 ൽ ഗുണഭോക്തൃ വിഹിതം വാങ്ങി നിർമ്മിച്ച ഇപ്പോൾ 12 മുറികളുള്ള (കോണികൂട് ഉൾപ്പെടെ) പ്രസ്തുത കെട്ടിടത്തിന്റെ പുതുക്കിയ വാടക നിശ്ചയിക്കുന്നതിന് എൽ.എസ്.ജി.ഡി എഞ്ചിനീയറെ ചുമതലപ്പെടുത്തുവാനും, മുറികളിൽ നേരത്തെ ഗുണഭോക്തൃ വിഹിതം അടച്ച മുഹസിൻ കാരാട്ട്, പ്രഭീഷ് പി.കെ മടവൂർ, ഗോവിന്ദൻ കോട്ടക്കുന്നുമ്മൻ (2 മുറി) എന്നിവർക്ക് വാടക പുതുക്കി നിശ്ചയിച്ചത് പ്രകാരം മുറി ഏറ്റെടുക്കുന്നതിന് നോട്ടീസ് അയ്ക്കുന്നതിനും ,മുറികൾ ലേലം ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ബാലുശ്ശേരി വില്ലേജ് ഓഫീസർ നൽകിയ 30.09.2019 ലെ സാക്ഷ്യപത്ര പ്രകാരം ഭൂമിയുടെ ന്യായ വിലയുടെ അടിസ്ഥാനത്തിൽ റിസർവ്വേ 45/1a (45/1) എയിൽ പ്പെട്ട ഇ.എം.എസ്.സ്മാരക ലൈബ്രറി കം ഷോപ്പിംഗ് കോംപ്ലക്സിലെ തറനിലയിലുള്ള പഴയ 4/755 എ,ബി,സി,ഡി എന്നീ മുറികൾക്ക് 3000/-രൂപ വീതം പ്രതിമാസം വാടക ഈടാക്കാവുന്നതാണെന്ന് എൽ.എസ്.ജി.ഡി എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്.

മേൽ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നോട്ടീസ് നമ്പർ എ1-673/2003/27/01/20 പ്രകാരം മേൽ പ്രതിപാദിച്ച വാടകകാർക്ക് നോട്ടീസ് അയച്ചിട്ടുണ്ട്. പ്രസ്തുത നോട്ടീസിന് വാടക്കാർ നൽകിയ മറുപടിയിൽ കെട്ടിടത്തിലേക്ക് റോഡ് സൌകര്യം ഏർപ്പെടുത്തി അനുവദിക്കുമെന്ന തീരുമാനം നടപ്പിലാക്കുന്നതിനുള്ള കാലതാമസം വന്നതിനാലാണ് മുറികൾ ഏറ്റെടുക്കാത്തത് എന്നും, റോഡ് സൌകര്യം ഏർപ്പെടുത്തിയാൽ മുറികൾ ഏറ്റെടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

എന്നാൽ 29.09.21 ൽ നടത്തിയ സ്ഥലപരിശോധനയിൽ നിലവിൽ വഴി സൌകര്യം ഏർപ്പെടുത്തിയിട്ടില്ലെന്നും, തറനിലയിലെ 5 മുറികൾ അടഞ്ഞുകിടക്കുന്നതായും, ഒന്നാം നിലയിൽ 7/878 – പ്രസ്സ് ക്ലബ് പ്രവർത്തിക്കുന്നുണ്ടെങ്കിലും സ്ഥലപരിശോധനയിൽ റൂം അടഞ്ഞുകിടക്കുന്നതായും, 7/879 - റൂം അടഞ്ഞുകിടക്കുന്നുണ്ടെന്നും, 7/880 - സാക്ഷരതാ മിഷൻ തുടർവിദ്യാകേന്ദ്രം പ്രവർത്തിക്കുന്നു. 7/881 – കർഷക സഹായ കേന്ദ്രവും, 2 ാം നിലയിൽ ലൈബ്രറി, റിഡീംഗ് റൂം എന്നിവ പ്രവർത്തിക്കുന്നുണ്ട്. കെട്ടിടം പണികഴിപ്പിക്കുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും ചെലവഴിച്ച തുകകളുടെ വിശദാംശവും, പുതുക്കിയ വാടകയുടെ അടിസ്ഥാനത്തിൽ ലേലം വിളിച്ചതിന്റെയും, വാടക മുറികൾ തുറന്ന് പ്രവർത്തിക്കാൻ അവശ്യമായ നടപടികൾ സ്വീകരിച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുന്നിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/2019-20 /29.09.2021) ക്ക് ലഭ്യമാക്കിയ മറുപടിയിൽ ലൈബ്രറി കെട്ടിടത്തോട് അനുബന്ധിച്ചുള്ള ഷോപ്പിംഗ് കോംപ്ലക്സ് ഗുണഭോക്താക്കളിൽ നിന്നും മുൻകൂറായി ഗുണഭോക്തൃവിഹിതം ലേല നടപടികളിലൂടെ മുൻകൂറായി പിരിച്ചുടുത്താണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളതെന്നും, പ്രസ്തുത ഇനത്തിൽ 461720/- രൂപ ലേലം കൊണ്ടവരുടെ ഡെപ്പോസിറ്റ് തുകയായി നിലവിലുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ സൗജന്യമായി ലഭിച്ച സ്ഥലത്താണ് ലൈബ്രറിയും, അനുബന്ധ കെട്ടിടമുറികളും നിർമ്മിച്ചിട്ടുള്ളതെന്നും, കെട്ടിടത്തിലേക്ക് ദേവസ്വം വകുപ്പിന്റെ കൈവശത്തിലുള്ള സ്ഥലത്ത് കൂടിയുള്ള താൽക്കാലിക വഴിയാണ് ഉപയോഗിക്കുന്നതെന്നും, പ്രധാന റോഡിൽ നിന്നും 30 മീറ്റർ അകലത്തായി സ്ഥിതി ചെയ്യുന്ന കെട്ടിടത്തിലേക്ക് റോഡ് നിർമ്മാണത്തിനായി 22 മിറ്ററോളം ദൂരത്തിൽ മൺറോഡ് നിർമ്മിച്ചിട്ടുണ്ടെന്നും, കുറഞ്ഞ ദൂരം കൂടി സ്വകാര്യ വ്യക്തിയുടെ സ്ഥലം ലഭ്യമാക്കേണ്ടതുണ്ടെന്നും, സ്ഥലം ലഭ്യമാക്കുന്നതിനായി പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥരുമായി ചർച്ച നടക്കുന്നുണ്ടെന്നും, ആയതുകൂടി ലഭ്യമായാൽ റോഡ് ഗതാഗതയോഗ്യമാക്കി എഞ്ചിനീയർ നിശ്ചയിച്ച വാടക അടിസ്ഥാനമാക്കി കെട്ടിട മുറികൾ വിട്ടുനൽകുന്നതാണെന്ന്, കെട്ടിടനിർമ്മാണം സംബന്ധിച്ച ഫയൽ കാലപ്പഴക്കം മൂലം ലഭ്യമായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

ഇ.എം.എസ്.സ്മാരക ലൈബ്രറി കം ഷോപ്പിംഗ് കോംപ്ലക്സിലെ പ്രവർത്തന ക്ഷമമല്ലാത്ത മുറികൾ പുതുക്കിയ വാടകയുടെ അടിസ്ഥാനത്തിൽ ലേലം ചെയ്ത് വാടകയ്ക്ക് നൽകേണ്ടതും, കെട്ടിടം പണികഴിപ്പിക്കുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും ചെലവഴിച്ച തുകകളുടെ വിശദാംശവും, കെട്ടിടനിർമ്മാണം സംബന്ധിച്ച ഫയൽ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (കൂടുതൽ വിവരങ്ങൾക്ക് 2010-11 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.6കാണുക)

## 1-14 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

(എ) കവുങ്ങിൻ തൈ വിതരണം

പ്രൊജക്ട് - 44/19-20

അടങ്കൽ -130750

ചെലവ് - 130750 ( 104600 വികസനഫണ്ട്+

26150 ഗുണഭോക്തൃവിഹിതം)

ബിൽ നമ്പർ - ബി1/19-20തീ.07.08.2019

7 ഹെക്ടറിൽ പുതുതായി കവുങ്ങിൻ തൈ വെച്ചു പിടിപ്പിക്കാനുദ്ദേശിച്ചാണ് പദ്ധതി നടപ്പാക്കിയത്.വിഎഫ്പിസികെ യിൽ നിന്ന് ഇതിനായി 5230 എണ്ണം കവുങ്ങിൻ തൈകൾ വാങ്ങി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(1) എല്ലാ ഗുണഭോക്താക്കൾക്കും 10 വീതം തൈകൾ വിതരണം ചെയ്തതായാണ് കാണുന്നത്. സ്ഥല വിസ്തൃതിയുടെ അടിസ്ഥാനത്തിൽ വിത്തുകളുടെ അളവും തുകയും തീരുമാനിക്കണമെന്ന വ്യവസ്ഥ (സ.ഉ(കൈ)നം.22/2018/തസ്വഭവ തീ.14.02.2018 ഖണ്ഡിക 6-1-5) പാലിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിലില്ല.

(2) മേൽ ഉത്തരവ് ഖണ്ഡിക 6-1-5 പ്രകാരം തെങ്ങിൻ തൈക്ക് അർഹമായ സബ്സിഡി 75%മാണ്. ഇതു പ്രകാരം ഗുണഭോക്താക്കളിൽ നിന്ന് 32687.50 രൂപ (130750X25/100) ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുക്കേണ്ടിയിരുന്നു. എന്നാൽ 26150 രൂപയാണ് ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തത്. 6537.50 രൂപ പദ്ധതി വിഹിതത്തിൽ നിന്ന് അധികം ചെലവഴിച്ചതായി കാണുന്നു. അധികം നൽകിയ തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

(ബി) വ്യക്തികൾക്കും സംഘങ്ങൾക്കും നേന്ത്രവാഴ കൃഷി

പ്രൊജക്റ്റ് നമ്പർ - 45/19-20

അടങ്കൽ - 181760

ചെലവ് - 181760 (159040 വികസനഫണ്ട്+

22720 ഗുണഭോക്തൃവിഹിതം)

ബിൽ നമ്പർ - ബി3/19-20തീ.21.8.19 159040 രൂപ

,, - ചെക്ക് നം.051670തീ.11.2.20 22720 രൂപ

5 ഹെക്ടർ പ്രദേശത്ത് നേന്ത്രവാഴകൃഷി വികസനമാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി 11360 എണ്ണം വാഴകന്നുകൾ വിഎഫ് പിസികെ യിൽ നിന്ന് വാങ്ങി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(1) സ.ഉ(കൈ)നം.22/2018/തസ്വഭവ തീ.14.02.2018 ഖണ്ഡിക 6-1(4) പ്രകാരം നേന്ത്രവാഴക്കന്നുകൾക്ക് 100% സബ്സിഡി നൽകാവുന്നതാണ്. എന്നാൽ 22720 രൂപ ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതായി കാണുന്നു. സബ്സിഡി നിരക്ക് നിശ്ചയിച്ച് ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ ഗുണഭോക്തൃവിഹിതം അടയ്ക്കാനുള്ള ഗുണഭോക്താക്കളുടെ വിമുഖത പദ്ധതി നിർവ്വഹണത്തെ കാര്യമായി ബാധിക്കുന്നതായി യോഗം വിലയിരുത്തിയിട്ടുണ്ട്.

(2)വിതരണരേഖകൾ പരിശോധിച്ചതിൽ 17 വാർഡുകളിലായി 524 ഗുണഭോക്താക്കൾക്ക് കന്നുകൾ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എത്ര വീതം കന്നുകളാണ് ഓരോഗുണഭോക്താക്കൾക്കും വിതരണം ചെയ്തതെന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല. സ്ഥലവിസ്തൃതി പരിഗണിച്ചാണോ കന്നുകൾ വിതരണം ചെയ്തതെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് ഫയലില്ല.

(സി) കുറ്റി കുരുമുളക് കൃഷി പ്രോത്സാഹനം

പ്രൊജക്റ്റ് നമ്പർ - 51/19020

അടങ്കൽ - 306000(255000വികസനഫണ്ട്+

51000ഗുണഭോക്തൃവിഹിതം)

ബിൽ നമ്പർ - ബി5/2019-20തീ.14.10.20

2040 കുറ്റികുരുമുളക് തൈകൾ റെയ്ഡ്കോയിൽ നിന്ന് വാങ്ങി 4തൈകൾ വീതം 510 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. സ.ഉ(കൈ)നം.22/2018/തസ്വഭവ തീ.14.02.2018 ഖണ്ഡിക 6-1(4) പ്രകാരം കുരുമുളക് തൈകൾക്ക് 100% സബ്സിഡി നൽകാവുന്നതാണ്. എന്നാൽ ഗുണഭോക്താക്കളിൽ നിന്ന് 51000രൂപ ഗുണഭോക്തൃവിഹിതം പിരിചെചടുത്തതായി കാണുന്നു. സബ്സിഡി നിരക്ക് നിശ്ചയിച്ച് ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ ഗുണഭോക്തൃവിഹിതം അടയ്ക്കാനുള്ള ഗുണഭോക്താക്കളുടെ വിമുഖത പദ്ധതി നിർവ്വഹണത്തെ കാര്യമായി ബാധിക്കുന്നതായി യോഗം വിലയിരുത്തിയിട്ടുണ്ട്.

(ഡി)ഇടവിളകൃഷിക്ക് കിറ്റ് വിതരണം

പ്രൊജക്റ്റ് നമ്പർ - 39/19-20

അടങ്കൽ - 39/19-20

അടങ്കൽ - 20000

ചെലവ് - 20000(ബിൽ നം.ബി2/19-20തീ.21.08.19)

625 രൂപ വിലയുള്ള ഇടവിളകൃഷിക്കുള്ള വിത്തുകൾ റെയ്ഡ്കോയിൽ നിന്ന് വാങ്ങി 32 കർഷകർക്ക് വിതരണം ചെയ്തതായി കാണുന്നു. ഏതൊക്കെ ഇനം വിത്തുകളാണ് കർഷകർക്ക് വിതരണം ചെയ്തതെന്ന വിവരം ലഭ്യമല്ല. വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അപേക്ഷകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിലില്ല. സ്ഥല വിസ്തൃതിയുടെ അടിസ്ഥാനത്തിൽ വിത്തുകളുടെ അളവും തുകയും തീരുമാനിക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 1-15 എച്ച്.എം ,ജിഎൽപിഎസ് ബാലുശ്ശേരി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും

പ്രൊജക്റ്റ് നം -140/2019-20

അടങ്കൽ - 1396000

ചെലവ് - 1099829(SCP)ബിൽ നം.1/2019-20തീ.8.5.2019

ഗ്രാമപഞ്ചായത്ത് പരിധിയിൽ 4സർക്കാർ സ്കൂളുകൾ ഉൾപ്പെടെ 13 പ്രൈമറി സ്കൂളുകളാണുള്ളത്. കൂടാതെ 3 സർക്കാർ ഹൈസ്കൂൾ/ഹയർ സെക്കന്ററി സ്കൂളുകളുമുണ്ട്. മേൽ പ്രൊജക്റ്റ് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ ടെണ്ടർ മുഖേന ആർട്കോയിൽ നിന്നും 341 മേശകളും കസേരകളും വാങ്ങി പട്ടികജാതി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. വിനിയോഗ രേഖകൾ പരിശോധിച്ചതിൽ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(1) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടിക പ്രകാരം സർക്കാർ പ്രീപ്രൈമറി സ്കൂളുകളുടെയും പ്രൈമറി സ്കൂളുകളുടെയും നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണ്. സർക്കാർ ഹൈസ്കൂളുകളുടെ ചുമതല ജില്ലാ പഞ്ചായത്തിനാണ്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ വിതരണ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ പ്രൈമറിയിലെയും ഹൈസ്കൂളുകളിലെയും പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് മേശയും കസേരയും വിതരണം ചെയ്തതായി കാണുന്നു. വിശദവിവരം താഴെ കൊടുത്തിരിക്കുന്നു.

| സ്കൂളുകളുടെ വിവരം | വിതരണം ചെയ്ത മേശയും കസേരയും |
|---|---|
| എൽ.പി | 140 |
| യുപി | 125 |
| ഹൈസ്കൂൾ(ജിഎച്ച്എസ് കോക്കല്ലൂർ-44,<br>ജിവിഎച്ച്എസ്എസ് ബാലുശ്ശേരി-16,<br>ജിജിഎച്ച്എസ്എസ് ബാലുശ്ശേരി-16) | 76 |
| ആകെ | 341 |

(2) മേൽ പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ ആകെ 321 ഗുണഭോക്താക്കളാണുള്ളത്. എന്നാൽ 341 ഗുണഭോക്താക്കൾക്ക് മേശയും കസേരയും വിതരണം ചെയ്തതായി കാണുന്നു.

(3) വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ മേൽ പദ്ധതി സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച നടത്തിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. 1099829 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

(ബി) <u>ബാലുശ്ശേരി ജിഎൽപിസ്കൂൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു</u>

ബാലുശ്ശേരി ജിഎൽപി സ്കൂൾ കെട്ടിടം വർഷങ്ങളായി വാടക കെട്ടിടത്തലാണ് പ്രവർത്തിക്കുന്നത്. ഓഡിറ്റ് വർഷവും സ്കൂൾ കെട്ടിട വാടകയിനത്തിൽ 291088 രൂപ (ചെക്ക്നം.5462313തീ.20.08.19) തനത് ഫണ്ടിൽനിന്നും ചെലവഴിച്ചിട്ടുണ്ട്. 15 വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ കഴിയാത്തത് ഗ്രാമപഞ്ചായത്തിന്റെ ചുമതലാ നിർവ്വഹണത്തിലുള്ള വീഴ്ചയാണ്. വർക്കിംഗ് ഗ്രൂപ്പിലും ഇതു സംബന്ധിച്ച് ചർച്ച നടന്നിട്ടില്ല. മുൻ റിപ്പോർട്ടിലും ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

(സി) <u>എസ്എസ്എ വിഹിതം അടവാക്കൽ</u>

പ്രൊജക്റ്റ് നം - 10/2019

അടങ്കൽ - 1000000

ചെലവ് - 1000000(ബിൽ നം.3/19-20തീ.10.08.19)

സ.ഉ(എം.എസ്)11/18 ത.സ്വ.ഭ.വ.29.1.2018 ഖണ്ഡിക 7.6 പ്രകാരം S.S.A. പ്രൊജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും S.S.A. പ്രൊജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്ക് തെളിയിക്കുന്നതിനാവശ്യമായ രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിഹിതം അടവാക്കിയതല്ലാതെ അടവാക്കിയ തുകയുടെ വിനിയോഗവിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്. വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

<u>1-16 മരാമത്ത് പ്രവർത്തികൾ പൂർത്തീകരിക്കപ്പെടുന്നില്ല. വിവിധഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭിച്ചതുകകൾ ചെലവഴിക്കാതെ ലാപ്സായി</u>

അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ആകെ 82 പ്രൊജക്ടുകളാണ് സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കു വാനുണ്ടായിരുന്നത്. ആയതിൽ 51 എണ്ണം പുതിയ പ്രൊജക്ടുകളും 30 എണ്ണം സ്പിൽ ഓവർ പ്രവർത്തികളുമാണ്. മേൽ പ്രൊജക്ടുകൾക്കായി ആകെ 30489073 രൂപ വകയിരുത്തിയതിൽ 9276798 രൂപ മാത്രമെ സാമ്പത്തിക വർഷത്തിൽ ചെലവഴിക്കപ്പെട്ടിട്ടുള്ളൂ. വകയിരുത്തിയ തുകയുടെ 30.4% മാത്രമാണ് ചെലവ്. പുതിയ 8 പ്രൊജക്ടുകൾ ഉൾപ്പെടെ ആകെ 41 പ്രൊജക്ടുകൾക്കാണ് തുക ചെലവഴിച്ചിരിക്കുന്നത്. മരാമത്ത് പ്രവൃത്തികൾക്ക് വിവിധ ഫണ്ടിങ്ങളിൽ തുക വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെ യും വിശദവിവരം താഴെക്കൊടുക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവവിച്ച തുക |
|---|---:|---:|
| വികസനഫണ്ട് പൊതുവിഭാഗം | 225845 | 0 |
| വികസനഫണ്ട് എസ്.സി.പി | 1312300 | 296441 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 9474126 | 3035815 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 1530460 | 0 |

| | | |
|---|---|---|
| തനത് ഫണ്ട് | 7634842 | 1845551 |
| M.Gറോഡ് | 7319500 | 2989529 |
| M.G നോൺറോഡ് | 2992000 | 1109462 |
| ആകെ | 30489073 | 9276798 |

മേൽ പറഞ്ഞ പ്രകാരം പ്രൊജക്ടുകൾക്ക് വികസനഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ്, മെയ്റ്റനൻസ് ഗ്രാന്റിനങ്ങളിൽ വകയിരുത്തിയ തുകയിൽ വളരെ കുറഞ്ഞതുക മാത്രമാണ് സാമ്പത്തിക വർഷത്തിൽ ചെലവഴിക്കപ്പെട്ടിരിക്കുന്നത്. ബില്ലുകൽ ട്രഷറിയിൽ സമർപ്പിക്കുന്നതിനുണ്ടായ കാലതാമസം കാരണം 12 പ്രൊജക്ടുകളുടെ ചെലവുകൾ ട്രഷറിയിലെ സാമ്പത്തിക നിയന്ത്രണം കാരണം ബില്ലുകൾ മാറുന്നതിന് കഴിഞ്ഞിട്ടില്ല, ഇത്തരത്തിൽ ക്യൂബിൽ ആയ തുക വിവിധ ഫണ്ടിനങ്ങളിൽ 2606499 രൂപയാണ്. സാമ്പത്തിക വർഷം പുതുതായി നടപ്പിലാക്കാനുദ്ദേശിച്ച പ്രൊജക്ടുകളിൽ 51 എണ്ണത്തിൽ 40 എണ്ണത്തിന് മാത്രമാണ് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരുമായി എഗ്രിമെന്റിലേർപ്പെട്ടിരിക്കുന്നത്. അവശേഷിക്കുന്ന പ്രൊജക്ടുകളിൽ ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ട താഴെ കാണിച്ച 4 പ്രൊജക്ടുകൾക്ക് ടെണ്ടർ നടപടികൾ പോലും സ്വീകരിച്ചുകാണുന്നില്ല.

| പ്രൊജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക |
|---|---|
| 100/19-20-മുല്ലോളിത്തറ അനന്തൻ കണ്ടി റോഡ് | 704500 |
| 112/19-20-പനായി G.L.S. കെട്ടിടം | 1200000 |
| 116/19-20 സ്കൂൾ പെയിന്റിംഗ് | 600000 |
| 127/19-20- കോക്കല്ലൂർ സബ്സെന്റർ കെട്ടിടം പൂർത്തീകരണം | 550000 |

മേൽ പ്രൊജക്ടുകൾക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വിശദമാക്കിയിട്ടില്ല. പ്രൊജക്ടുകളുടെ രൂപീകരണത്തിലും പൂർത്തീകരണത്തിലും നിരന്തര ഇടപെടലുകൾ നടത്തേണ്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ നിരന്തര ഇടപെടൽ നടത്തിയതായി കാണുന്നില്ല. 30.7.19, 14.8.19 തിയ്യതികളിൽ ചേർന്ന വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അസി.എഞ്ചീനീയർ നടപ്പിലാക്കുന്ന പ്രൊജക്ടുകൾ അവലോകനം നടത്തിയിട്ടുണ്ടെങ്കിലും പിന്നീട് ഇക്കാര്യത്തിൽ തുടർ നടപടികൾ ഉണ്ടായതായി കാണുന്നില്ല. ഭരണസമിതി മിനുട്സുകൾ പരിശോധിച്ചതിൽ 25.6.19 ന് ചേർന്ന യോഗത്തിൽ അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായ സ്പിൽ ഓവർ പ്രൊജക്ടുകളുടെ നടത്തിപ്പ് അവലോകനം ചെയ്യുന്നതിന് കോൺട്രാക്ടർമാരുടെ യോഗം 28.6.19 ന് ചേരാൻ തീരുമാനിച്ചതല്ലാതെ ഭരണസമിതിയിലും പിന്നീട് മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കാത്തത് സംബന്ധിച്ച ചർച്ചകളൊന്നും നടന്നതായി കാണുന്നില്ല. പ്രൊജക്ടുകളുടെ പൂർത്തീകരണത്തിന് മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് തങ്ങളിൽ ഏൽപിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിൽ വീഴ്ചവരുത്തിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് മിനുട്സു പരിശോധിച്ചതിൽ 29.11 18 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം 19-20 വർഷത്തേക്കുള്ള പ്രൊജക്ട് നിർദ്ദേശങ്ങൾ പോലും സമർപ്പിച്ചുകാണുന്നില്ല. പിന്നീട് യോഗമൊന്നും ചേരാതെ 20.21 വർഷത്തെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് 6.12.19 നാണ് വീണ്ടും യോഗം

ചേർന്നിരിക്കുന്നത്. മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച് ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-17 കുനഞ്ചേരി അങ്കണവാടി നടപ്പാത നവീകരണം-ടെണ്ടർ കുറവ് കുറവുചെയ്യാതെ കരാറുകാരന് ഫൈനൽ ബിൽ അനുവദിച്ചു

പ്രൊജക്ട് നമ്പർ- 135/19-20

വകയിരുത്തിയ തുക- 100000

ചെലവുതുക- 78459 (Order No 383/25.3.19)

കരാറുകാരൻ - എൻ. ഉദയകുമാർ

എം ബുക്ക് നമ്പർ- 46/18-19

നിർവഹണം - അസി.എഞ്ചിനീയർ

കുനഞ്ചേരി അങ്കണവാടി നടപ്പാത കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി 2018-19 സാമ്പത്തിക വർഷത്തിൽ കരാറുകാരനായ ശ്രീ.എൻ ഉദയകുമാർ 4.1% കുറവു നിരക്കിൽ ഏറ്റെടുക്കുകയും പ്രവൃത്തി പൂർത്തീകരിച്ച് 2019-20 സാമ്പത്തിക വർഷത്തിൽ കരാറുകാരന് ഫൈനൽ ബിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഫൈനൽ ബിൽ അനുവദിച്ചപ്പോൾ ടെണ്ടർ കുറവ് കുറവു കുറവുവരുത്താതെയാണ് തുക അനുവദിച്ചിരിക്കുന്നത്. കരാറുകാരന് അനുവദിച്ച തുകയുടെയും അനുവദനീയമായ തുകയുടെയും വിശദവിവരം താഴെ ക്കൊടുക്കുന്നു.

| കരാറുകാരന് അനുവദിച്ച തുക | | കരാറുകാരന് അർഹമായ തുക | |
|---|---|---|---|
| ആകെ പ്രവർത്തി മൂല്യം- | 78459 | പ്രവർത്തി മൂല്യം- | 78459 |
| I.T- 1% | 785 | (--)ടെണ്ടർ കുറവ്- | 3217 |
| K.C.W.W.F- | 785 | | 75242 |
| കരാറുകാരന് അനുവദിച്ചത് | 76889 | I.T | 573 |
| | | K.C.W.W.F- | 753 |
| | | അർഹമായ തുക | 73916 |

ടെണ്ടർകുറവ് കുറവുചെയ്യാതെ കരാറുകാരന് 2973 രൂപ (76889-73916) അധികം നൽകാനുണ്ടായ സാഹചര്യം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് അധികം നൽകിയ 2973 രൂപ ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

**1-18 എരമംഗലം G.L.P.സ്കൂളിന് ചുറ്റുമതിൽ നിർമാമണം- പ്രൊജക്ട് നിർവഹണത്തിലെ അപാകതകൾ**

പ്രൊജക്ട് നമ്പർ- 171/20

വകയിരുത്തിയ തുക- 25000

ചെലവുതുക- 249325 ( Order No 64/20.7.2019)

കൺവീനർ- കെ.സതീരത്നം

എഗ്രിമെന്റ്- 24/A.E/BS/18-19 Dt. 11.10.18

എം ബുക്ക് - 31/18-19

നിർവഹണം - അസി.എഞ്ചിനീയർ

എരമംഗലം ഗവ.ജി.എൽ.പി.സ്കൂളിന് ചുറ്റുമതിൽ പണിയുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ പ്രവർത്തിയാണിത്. 19-20 സാമ്പത്തിക വർഷത്തിൽ നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്തൃ സമിതിക്ക് ഫൈനൽ ബിൽ അനുവദിച്ചിട്ടുണ്ട്. പ്രൊജക്ട് നിർവഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ പ്രവൃത്തിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. പ്രവർത്തിയുടെ എസ്റ്റിമേറ്റ് ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. ആയതിനാൽ എസ്റ്റിമേറ്റ് പ്രകാരമാണോ പ്രവൃത്തി പൂർത്തിയാക്കിയതെന്ന് വ്യക്തമല്ല.
2. ഗുണഭോക്തൃ സമിതിയുമായി പ്രവൃത്തിക്കായി ഏർപ്പെട്ട കരാറുടമ്പടി പരിശോധിച്ചതിൽ ഉടമ്പടിയിലേർപ്പെട്ട വർഷം, മാസം, തിയ്യതി, ഗുണഭോക്തൃസമിതി രൂപീകരിച്ചതിന്റെ വിവരം, എന്നിവയൊന്നും ഉടമ്പടിയിൽ രേഖപ്പെടുത്തിയിട്ടില്ല.
3. ഗുണഭോക്തൃസമിതി യോഗംചേർന്ന് ഗുണഭോക്തൃകമ്മറ്റി രൂപീകരിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ടെങ്കിലും ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുന്ന പ്രവർത്തി നടത്തിപ്പിനാവശ്യമായ പണമിടപാടുകൾക്കായി കൺവീനറുടെയും ചെയർമാന്റെയും പേരിൽ അംഗീകൃത ബാങ്കിൽ ജോയിന്റെ എക്കൌണ്ട് ആരംഭിക്കണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. പി.ടി.എ.കമ്മറ്റിയുടെ പേരിലുള്ള എക്കൌണ്ടിലേക്കാണ് ഫൈനൽ ബിൽ തുക കൈമാറിയിരിക്കുന്നത്.
4. പ്രവൃത്തിക്കുപയോഗിച്ച സാധനസാമഗ്രികളുടെ തരം, വില, അവയുടെ കാഷ് ബിൽ പ്രവൃത്തിയിലേർപ്പെട്ട തൊഴിലാളികളുടെ എണ്ണം, കൂലി എന്നിവ രേഖപ്പെടുത്തിയ മസ്റ്ററോൾ എന്നിവയൊന്നും ഫയലിൽ ലഭ്യമല്ല. കൺവീനർ എഴുതി സൂക്ഷിക്കേണ്ട വരവുചെലവു കണക്കുകൾ എഴുതി തയ്യാറാക്കി ഹാജരാക്കിയിട്ടില്ല. എഞ്ചിനീയർ രേഖപ്പെടുത്തിയ അളവുകളനുസരിച്ചുള്ള പ്രവൃത്തികൾക്ക് കരാറുടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ, ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണ് കുറവെങ്കിൽ അതിനാണ് ഗുണഭോക്തൃ സമിതിക്ക് അർഹത. കൺവീനർ വരവുചെലവു കണക്ക ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആയത് താരതമ്യം ചെയ്ത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. എഞ്ചീനീയറുടെ വാല്വേഷൻ പ്രകാരമുള്ള തുകയാണ് കൺവീനർക്ക് അനുവദിച്ചിരിക്കുന്നത്.

മേൽഅപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്.

**1-19 സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തി -നിർവ്വഹണത്തിലെ അപാകത**

2019-20 സാമ്പത്തിക വർഷത്തിൽ നിർമ്മാണം നടത്തിയ സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തികളിൽ പ്രവൃത്തിയുടെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളത് മോർഡ് സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ അല്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു.

ഓഡിറ്റ് വർഷത്തിൽ നിർമ്മാണം നടത്തിയ ഏതാനും സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പ്രോജക്ട് നം. | പേര് | അടങ്കൽ | ചെലവ് | ചെയ്ത കോൺക്രീറ്റ് പ്രവർത്തി |
|---|---|---|---|---|
| 103/20 | മീത്തലെ വീട്ടിൽ തൊണ്ടിപറമ്പ ത്ത് കമ്മിണിയോട്ടുമ്മൽ മറിയത്താംവീട് റോഡ് | 500000 | 364053 (Order No 226/24.1.20 | 46.16എം ക്യൂബ് |
| 107/20 | ആനത്താഴം കുനീമ്മൽ റോഡ് | 304500 | 299025 (Order No 201/16.12.19 | 33എം ക്യൂബ് |
| 108/20 | അമ്പലം കിഴക്കെചെന്നാട്ട് പാണൻകണ്ടി റോഡ് | | 479057(Order No 52/24.9.19 | 44.9 എം ക്യൂബ് |
| 74/20 | ആനപ്പാറ – കാപ്പുമ്മൽ റോഡ് | 250000 | 226533 (Order No 282/31.1.20 . | 24.76 എം ക്യൂബ് |

മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800, 1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം 11ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നൽകിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാൻഡേർഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6-ൽ ഇതിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവിധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, പേവ്മെന്റുകൾക്കുപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തമാണെന്നത് ഇവിടെ പ്രസക്തമാണ്. റോഡിനാവശ്യമായ ഇലാസ്റ്റികത, ഷോക് അബ്സോർപ്ഷൻ സ്വഭാവം എന്നിവ മറ്റ് സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ആയതിനാൽ 11.4.3.1 ഡാറ്റാ പ്രകാരമുള്ള കോൺക്രീറ്റിംഗ് റോഡ് പ്രവൃത്തികൾക്ക് അനുയോജ്യമല്ലാത്തതും ആയത് അവലംബിച്ച് നിർമ്മിക്കുന്ന റോഡുകൾ പെട്ടെന്ന് തകരുവാൻ

സാദ്ധ്യത ഏറെയുമാണ്. മേൽപ്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടെയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന Coarse Aggregate 25 Mmൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിക്കുമ്പോൾ, 11.4.3.1ൽ 40 Mm Aggregate വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ബാഹുല്യവും വൈവിധ്യവും ഇവിടെ പ്രാധാന്യം അർഹിക്കുന്നു.

കോൺക്രീറ്റ് റോഡ് നിർമ്മിതിക്ക് 11.4.3.1 നമ്പർ ഡാറ്റാ ഉപയോഗപ്പെടുത്തി പ്രവൃത്തികൾ നടത്താനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്.

## 1-20 കുവ്വക്കാട് കുടിവെള്ള പദ്ധതിക്ക് വാട്ടർ അതോറിറ്റിയിൽ അടവാക്കിയതുക തിരികെ ഈടാക്കാൻ തുടർ നടപടികൾ അനിവാര്യം

കുവ്വക്കാട് കുടിവെള്ള പദ്ധതിക്കായി 18-19 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 500000 ലക്ഷംരൂപയും പഞ്ചായത്ത് വികസനഫണ്ട് എസ്.സി.പി. വിഹിതം 325000 രൂപഉൾപ്പെടെ 825000 രൂപ കേരള വാട്ടർ അതോറിറ്റിയിൽ അസി. എഞ്ചിനീയർ അടവാക്കിയിട്ടുണ്ട്. പദ്ധതിയുടെ എസ്റ്റിമേറ്റ് ലഭ്യമാവാതെയാണ് നിർവഹണ ഉദ്യോഗസ്ഥൻ തുക ഡപോസിറ്റ് ചെയ്തത്. പിന്നീട് വാട്ടർ അതോറിറ്റിയിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമായപ്പോൾ പ്രവൃത്തിക്ക് ആകെ 33ലക്ഷം രൂപയുടെ ചെലവാണ് കണക്കാക്കിയിരിക്കുന്നത്. പ്രവൃത്തിക്ക് ആവശ്യമായ ബാക്കിതുക അടവാക്കുന്നതിന് ആവശ്യമായ തുക വകയിരുത്താൻ അസി.എഞ്ചിനീയർ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് അപേക്ഷ നൽകിയതിൽ 19.10.19ലെ 34/19 നമ്പർ തീരുമാന പ്രകാരം ഭീമമായ പദ്ധതിക്കായി ബാക്കി തുക വകയിരുത്തുന്നതിനോ, അല്ലാത്തപക്ഷം ഡെപ്പോസിറ്റ് ചെയ്ത തുക തിരികെ വാങ്ങി പഞ്ചായത്ത് പദ്ധതി ഏറ്റെടുക്കുന്നതിനോ തുടർനടപടി സ്വീകരിക്കാൻ ഭരണസമിതിയോട് ശുപാർശചെയ്തു. ഭരണസമിതിയുടെ 30.10.19ലെ അജണ്ട 1 തീരുമാനം 1 പ്രകാരം കുടിവെള്ള പദ്ധതിക്കായി ഇതിനകം ഡെപ്പോസിറ്റ് ചെയ്ത തുക തിരികെ വാങ്ങി ഗ്രാമപഞ്ചായത്ത് പദ്ധതി ഏറ്റെടുക്കുന്നതിന് തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഡെപ്പോസിറ്റ് ചെയ്ത തുക തിരികെ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറി വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 25.11.19ൽ കത്ത് നൽകുകയും ആയതിന് മറുപടി ലഭ്യമാവാത്തതിനാൽ ഒരു വർഷത്തിന് ശേഷം 17.3.21ൽ ഓർമ്മക്കുറിപ്പ് നൽകിയതായും കാണുന്നു. കത്ത് നൽകി രണ്ട് വർഷത്തോളമായിട്ടും നാളിതുവരെ തുക തിരികെ ലഭ്യമാവുകയോ, പദ്ധതിയുടെ നടത്തിപ്പിന് പഞ്ചായത്ത് തുടർനടപടി സ്വീകരിച്ചതായോ കാണുന്നില്ല. മേൽ കാര്യത്തിൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-21 ഓവർ ഹെഡ് ചാർജ്ജ് അനുവദിക്കുന്നതിലെ അപാകതകൾ

മോർഡ് സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഓരോ ഇനത്തിലും ഓവർഹെഡ് ചാർജ്ജും, കരാറുകാരന്റെ ലാഭവും 10% വീതവും, കൂടാതെ, കോസ്റ്റ് ഇൻഡക്സും ഉൾപ്പെടുത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ്‌വെയർ മുഖേനയാണ്. ഇത് മുഖേന തയ്യാറാക്കിയ മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ 10% ഓവർ ഹെഡ്സ് ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും കോസ്റ്റ് ഇൻഡെക്സും ഉൾപ്പെടുത്തിയാണ് എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയതെന്ന് വ്യക്തമാണ്. സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ മോർഡ് പ്രകാരമുള്ള വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം പ്രതിപാദിച്ചിട്ടുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20% ഉം ഓവർഹെഡ്സ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ച് കൊണ്ടാണ്.

ഒരു വലിയ റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാൻ സാധ്യത. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിലുള്ള റോഡുകൾക്ക് ദൈർഘ്യവും വീതിയും കുറവാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വേണ്ടി വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു. ഇത്തരം ചെലവുകൾ വഹിക്കേണ്ട സാഹചര്യമില്ലാത്തതിനാൽ ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD സോഫ്റ്റ്‌വെയർ മുഖേന തന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 5% മാത്രമാണ് ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും ശ്രദ്ധേയമാണ്.

അനർഹമായി ഓവർഹെഡ് ചാർജ്ജ് അനുവദിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്

## 1-22 ഇ-ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടികളില്ല

പഞ്ചായത്ത് ഇ-ടെണ്ടർ ചെയ്യുന്ന പ്രവൃത്തികളുടെ ടെണ്ടർഫീ (ടെണ്ടർ ഫോറം വില) നിലവിൽ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടപ്പെടുന്നില്ല. ഇ-ടെണ്ടർ നടപടികൾ തുടങ്ങിയ വർഷം മുതൽ നാളിതുവരെ ഈ ഇനത്തിലുള്ള വരവ് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ജില്ലാപഞ്ചായത്തിലുള്ള ബാങ്ക് എകൗണ്ടിലാണ് ക്രഡിറ്റ് ചെയ്യപ്പെടുന്നത്. ഈ തുക പഞ്ചായത്ത് ഫണ്ടിന് ലഭ്യമാവാനാവശ്യമായ നടപടികളൊന്നും പഞ്ചായത്തിൽ സ്വീകരിക്കുന്നില്ല. ഇ-ടെണ്ടർ ഫീസ് ഇനത്തിൽ വിവിധ വർഷങ്ങളിലായി എത്രതുക ഗ്രാമപഞ്ചായത്തിന്റേതായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള എക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ടെന്നതിന്റെ കണക്കുകളും പഞ്ചായത്തിൽ ലഭ്യമല്ല. ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 വർഷത്തിൽ 7 പ്രവൃത്തികളും 19-20 സാമ്പത്തിക വർഷത്തിൽ 6 പ്രവൃത്തികളും ഇ-ടെണ്ടർ നടപടികൾ കൈകൊണ്ടതായി കാണുന്നു. നിലവിൽ ഓരോ ഗ്രാമപഞ്ചായത്തിലേയും അസി.എഞ്ചിനീയറുടെ പേരിൽ ദേശസാൽകൃതബാങ്കിൽ ഇ-ടെണ്ടർ ആവശ്യത്തിനായി എക്കൌണ്ട് ആരംഭിച്ച് ടെണ്ടർഫീ, ഇ,എം.ഡി എന്നിവ പ്രസ്തുത എക്കൌണ്ടിൽ വരവുവരുത്താമെന്നിരിക്കേ പഞ്ചായത്തിൽ അത്തരമൊരു നടപടി കൈകൊണ്ടതായി കാണുന്നില്ല. ഇ-ടെണ്ടർ ഫീ ഇനത്തിൽ വിവിധ വർഷങ്ങളിലായി ജില്ലാപഞ്ചായത്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എക്കൌണ്ടിൽ എത്ര തുക പഞ്ചായത്തിന്റേതായി ഉണ്ടെന്നത് സംബന്ധിച്ച് കൃത്യമായ കണക്ക് ഉണ്ടാക്കേണ്ടതും തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടുന്നതോടൊപ്പം, ഇ-ടെണ്ടർ നടപടികൾക്കായി അസി.എഞ്ചിനീയറുടെ പേരിൽ ബാങ്ക് എക്കൌണ്ട് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-23 സ്കോളർഷിപ്പ് തുക മുഴുവൻ ലഭ്യമായില്ല.

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ 2019-20ൽ ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് പദ്ധതി, 46 ഗുണഭോക്താക്കൾക്ക് വേണ്ടിയാണ് തയ്യാറാക്കിയത്. ഇതിനായി വകയിരുത്തിയത് 600000 രൂപയാണ്. ഇതിന്റെ പദ്ധതി വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വകയിരുത്തിയ സ്ഥാപനം | അടങ്കൽ - വകയിരുത്തിയ തുക | ലഭിച്ച വിഹിതം | ചെലവഴിച്ച തുക |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 300,000 | 300000, | 300000 |
| ബ്ലോക്ക് പഞ്ചായത്ത് | 15,00,00 | 150000 | 150000 |
| | | | |

| | | | |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 15,00,00 | 150000 | 150000 |
| ആകെ | 600000 | 600000 | 600000 |

ഗ്രാമപഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളായ 46 പേരിൽ 32 പേർ മാനസിക വെല്ലുവിളികൾ നേരിടുന്നവർ ആണ്. ജി ഒ (എം എസ്) നം 80/ 2017. ത സ്വ ഭ വ 3.4.2017പ്രകാരം ഇവർക്ക് വാർഷികമായി 28,500 രൂപ എല്ലാ ബത്തകളും ഉൾപ്പെടെ നൽകാവുന്നതാണ്. (ഇതിൽ ഉല്ലാസയാത്രാ ചെലവുകൾക്ക് നൽകുന്ന 1000 രൂപ ഉൾപ്പെടുന്നു.) എന്നാൽ ഗ്രാമപഞ്ചായത്ത് മേൽ ഗുണഭോക്താക്കൾക്ക് 15776 രൂപ നിരക്കിൽ മാത്രമാണ് സ്കോളർഷിപ്പ് അനുവദിച്ചത്. പദ്ധതിവിഹിതം വകയിരുത്തുന്നതിൽ ഗ്രാമപഞ്ചായത്ത് വിജയിച്ചിട്ടില്ല എന്നു കാണുന്നു. ഇതേ ഉത്തരവ് ഖണ്ഡിക 10.4 കുറിപ്പുകളിൽ ഇവർക്ക് സ്കോളർഷിപ്പ്- ബത്ത നല്കുന്നതിന് ആവശ്യമായ തുക വകയിരുത്തിക്കൊണ്ടുള്ള പ്രൊജക്ട് എല്ലാ തദ്ദേശ സ്ഥാപനങ്ങളും ഏറ്റെടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിൽ ഇതുസംബന്ധിച്ച ചർച്ചകൾ നടന്നതായി രേഖപ്പെടുത്തിയിട്ടില്ല. സമൂഹത്തിലെ ദുർബലരായിട്ടുള്ള ഇവർക്ക് മുഴുവൻ തുക അനുവദിക്കാത്തത് ശരിയായ നടപടിയല്ല. സർക്കാർ ഉത്തരവിനനുസരിച്ച് അർഹതപ്പെട്ട തുക നൽകാനായി ആവശ്യമായ ഫണ്ട് വകയിരുത്തേണ്ടതും, ഈ വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതും ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

<u>1-24 ലൈഫ് പദ്ധതി പ്രവർത്തനംസംബന്ധിച്ച്</u>

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ 8ാം വാർഡിൽ തഞ്ചാലക്കുന്നുമ്മൽ പെണ്ണുക്കുട്ടി, മകൾ വസന്ത എന്നിവരുടെ വീട് സംബന്ധിച്ച പത്രവാർത്തയുടെ നിജസ്ഥിതി അറിയാൻ വേണ്ടി 29-9-21 ന് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. (എൻക്വയറിനം.14) എൻക്വയറിയിൽ മേൽ വ്യക്തി 19-20 ലെ ലൈഫിന്റെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ, ഇല്ലെങ്കിൽ പ്രസ്തുത വർഷത്തെയോ, മുൻവർഷങ്ങളിലെയോ ഭവന പുനരുദ്ധാരണം, വീട് വാസയോഗ്യമാക്കൽ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നവിവരങ്ങൾ അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നു. വി.ഇ.ഒ 30-9-21ന് ലഭ്യമാക്കിയ മറുപടിയിൽ തഞ്ചാലക്കുന്നുമ്മൽ പെണ്ണുക്കുട്ടി, എന്നവർ 2019-20 സാമ്പത്തിക വർഷത്തിൽ വീട് വാസയോഗ്യമാക്കൽ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നെങ്കിലും അവരുടെ വീട് മുഴുവനായും ജീർണ്ണാവസ്ഥയിലായതിനാൽ പുതിയ വീടാണ് ആവശ്യമെന്ന് അറിയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അവരെ P.M.A.Y പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി വീട് ആവാസ് പ്ളസ്സിൽ ജിയോടാഗ് ചെയ്യുകയും നിലവിലെ ആവാസ് പ്ലസ്സ് ലിസ്റ്റിൽ (ID.N0.147358021) ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. പെണ്ണുക്കുട്ടിയുടെ മകളായ വസന്തയ്ക്ക് ഭൂമി ഇല്ലാത്തതിനാൽ അവരെ ലൈഫ് ഭൂരഹിത ഭവനരഹിത എസ്സ്.സി. അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയതായി (LIFE/11/1028/42968) അറിയിച്ചിട്ടുണ്ട്. സ.ഉ(എം.എസ്സ്നം.151/2017/ത.സ്വ.ഭ.വ തിയ്യതി.31-07-2017 ലൈഫ് മിഷൻ സമ്പൂർണ്ണ ഭവനപദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കളെ നീതിയുക്തമായും പരാതിരഹിതമായും കണ്ടെത്തുക, അതത് ഗുണഭോക്താക്കൾക്ക് അനുയോജ്യമായ സ്കീമുകളിലായി പദ്ധതി നിർവഹണം സമയബന്ധിതമായി പൂർത്തിയാക്കുക, നിർമ്മാണ പ്രവർത്തനങ്ങളിൽ സാങ്കേതിക മേൽനോട്ടവും ഗുണമേന്മാ പരിശോധനയും ഉറപ്പാക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയും നിയന്ത്രണവും ഉറപ്പാക്കപ്പെടേണ്ടത്. പ്രസ്തുത ലക്ഷ്യം കൈവരിക്കാൻ വേണ്ടി വർക്കിംഗ്ഗ്രൂപ്പ്, സ്റ്റാന്റിംഗ്കമ്മിറ്റി എന്നിവയുടെ നേതൃത്വത്തിൽ പരാതിക്കിടയാക്കാത്ത വിധം ഗുണഭോക്താക്കളെ കണ്ടെത്താനും കൃത്യസമയത്ത് തന്നെ പദ്ധതികൾ ആവിഷ്കരിച്ച് ലക്ഷ്യം നേടാനും ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-25 അഗതിരഹിത കേരളം-പ്രൊജക്ട് ഭക്ഷണവിതരണത്തിലൊതുങ്ങുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് കുടുബശ്രീ മുഖേന നടപ്പിലാക്കുന്ന ഏകീകൃത പദ്ധതിയാണ് അഗതിരഹിത കേരളം. ബാലുശ്ശേരി പഞ്ചായത്ത് ഉൾപ്പടെ കോഴിക്കോട് ജില്ലയിലെ 54 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അഗതിരഹിത കേരളം പദ്ധതിക്ക് കുടംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് നമ്പർ KS/L/513/19dt 9.3.19 പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് തയ്യാറാക്കി അംഗീകാരം വാങ്ങിയ പദ്ധതിയിൽ 121 കുടംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. പ്രൊജക്ടിന്റെ മൊത്തം അടങ്കൽ 41573480 രൂപയും ആയതിന് ചലഞ്ച് ഫണ്ടിനത്തിൽ 2887680 രൂപയും വകയിരുത്തിയിട്ടുണ്ട്. പ്രൊജക്ട പ്രകാരം വിവിധ സേവനപരിചരണ പാക്കേജ് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം താഴെ കൊടുക്കുന്നു

| ഇനം | ആവശ്യമുള്ള കുടംബങ്ങളുടെ എണ്ണം |
|---|---|
| ഭക്ഷണം | 121 |
| മരുന്ന് | 8 |
| വസ്ത്രം | 41 |
| ഭവനം | 55 |
| വിദ്യാഭ്യാസം | 12 |
| കക്കൂസ് | 49 |
| ഭവനപുനരുദ്ധാരണം | 42 |
| വൈദ്യുതി | 26 |
| വെള്ളം | 64 |
| ഭൂമി | 32 |

പ്രൊജക്ട് അംഗീകാരം ലഭിച്ച് 3 വർഷത്തിനകം പൂർത്തീകരിക്കാൻ ലക്ഷ്യം വെച്ച സേവനപരിചരണ പാക്കേജുകൾ അംഗീകാരം ലഭിച്ച് 2 വർഷം കഴിഞ്ഞിട്ടും ഭക്ഷണ വിതരണം മാത്രമെ പ്രധാനമായും നടപ്പിലാക്കി കാണുന്നുള്ളൂ. പ്രൊജക്ടിന്റെ പ്രധാന ഘടകങ്ങളായ ഭവനം. കുടിവെള്ളം, കക്കൂസ്, മുതലായവ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് നടപടികളൊന്നും കൈകൊണ്ടുകാണുന്നില്ല. പഞ്ചായത്ത് പദ്ധതി വിഹിതം 2019-20, 20-21 വർഷങ്ങളിൽ വിനിയോഗിച്ച് 6 പേർക്ക് ഭവനപുനരുദ്ധാരണത്തിന് സഹായം നൽകിയതൊഴികെ മറ്റുമേഖലകളിലൊന്നും പഞ്ചായത്ത് തുക വകയിരുത്തി ചെലവഴിച്ച കാണുന്നില്ല. ഭവനം ആവശ്യമുള്ള 55 കുടംബങ്ങളിൽ കേവലം 10 പേർ മാത്രമെ ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളൂ എന്ന് കുടുബശ്രീയിൽ നിന്നും അറിയിച്ചു. ആയതിൽ ആറുപേർ ധനസഹായം കൈപ്പറ്റി നിർമ്മാണം പൂർത്തീകരിച്ചതായി കുടുബശ്രീയിൽ നിന്നും അറിയിച്ചു. സ.ഉ.എം.എസ്.126/18 ത.സ്വ.ഭ.വ.തി 14.9.18 പ്രകാരം ഭവനരഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് സ്ഥലമുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതി ആനുകൂല്യം നൽകുമ്പോൾ പ്രഥമപരിഗണന നൽകണമെന്ന നിർദ്ദേശം പഞ്ചായത്ത് പാലിച്ചതായി കാണുന്നില്ല.

അതേപോലെതന്നെ കിടപ്പാടം ആവശ്യമുള്ള 32 കുടുംബങ്ങളിൽ ഒരാൾക്കുമാത്രമാണ് പഞ്ചായത്ത് കിടപ്പാടം നൽകിയിരിക്കുന്നത്. കക്കൂസ്, വൈദ്യുതി, വെള്ളം എന്നീ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനും പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. 2019-20 , 20-21 സാമ്പത്തിക വർഷങ്ങളിൽ 962560 രൂപ വീതം ചലഞ്ച് ഫണ്ട് ലഭിച്ചതുപയോഗിച്ച് ഭക്ഷണ വിതരണം നടത്തിയിട്ടുണ്ട്. ഇതിന്റെ വിതരണ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നതിലും കുടുബശ്രീ അലംഭാവം കാണിച്ചിട്ടുണ്ട്. അഗതിരഹിത കേരളം പ്രൊജക്ടുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ താഴെ ക്കൊടുക്കുന്നു.

1. അഗതിരഹിത കേരളം പദ്ധതിക്കായി സി.ഡി.എസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നവരുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ പുതിയ എകൗണ്ട് ആരംഭിക്കാൻ നിഷ്കർഷിക്കുന്നുണ്ടെങ്കിലും കുടുബശ്രീയുടെ പഴയ ആശ്രയ എക്കൌണ്ടാണ് അഗതിരഹിത കേരളം പ്രൊജക്ടിനായി ഉപയോഗിക്കുന്നത്.
2. അഗതിരഹിത കേരളം പദ്ധതിയുടെ ഫണ്ടുകളിൽ 10% ജില്ലാപഞ്ചായത്ത്, 15% ബ്ലോക്ക് പഞ്ചായത്ത് എന്നിവ വകയിരുത്തേണ്ടതാണെങ്കിലും പദ്ധതിക്ക് നാളിതുവരെ ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ തുകയൊന്നും വകയിരുത്തികാണുന്നില്ല.
3. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും വിലയിരുത്തൽ സമിതി പദ്ധതി നിർവഹണം ആരംഭിക്കുന്നതിന് മുമ്പായി കൂടേണ്ടതാണ്. കൂടാതെ പദ്ധതി ആരംഭിച്ച് ഓരോ മാസവും 10ാം തിയ്യതിക്ക് മുമ്പായി സമിതി യോഗം ചേർന്ന് പദ്ധതി അവലോകനം നടത്തി മിനുട്സിന്റെ പകർപ്പ് ജില്ലാമിഷൻ കോർഡിനേറ്റർക്ക് അയച്ചുനൽകേണ്ടതാണെങ്കിലും വിലയുരുത്തൽ സമിതി വർഷത്തിലൊരിക്കൽ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്.
4. അഗതിരഹിത കേരളം പദ്ധതിയുടെ പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി വിലയിരുത്തൽ സമിതിയിൽ ഒരു ഉപസമിതി രൂപീകരിക്കാൻ നിഷ്കർഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിൽ അത്തരമൊരു ഉപസമിതി രൂപീകരിച്ചതായി കാണുന്നില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതോടൊപ്പം അഗതിരഹിത കേരളം ഗുണഭോക്താക്കൾക്ക് ആവശ്യമായ സേവനപരിചരണ പാക്കേജുകൾ നടപ്പിലാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ബാലുശ്ശേരി കുടിവെള്ള പദ്ധതിക്ക് പമ്പ്സെറ്റ് വാങ്ങി സ്ഥാപിക്കൽ-പ്രൊജക്ട് നിർവഹണത്തിലെ അപാകതകൾ

പ്രൊജക്ട് നമ്പർ- 187/20

വകയിരുത്തിയ തുക- 191876

ചെലവുതുക- 191876 (ബിൽ നമ്പർ- 1/19-20 തി 8.7.19)

നിർവഹണം- സെക്രട്ടറി

പഞ്ചായത്തിലെ 5, 7, 8, 9 വാർഡുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നിലവിൽ മോട്ടോർ തകരാറിലായ ബാലുശ്ശേരി കുടിവെള്ള പദ്ധതിക്ക് പുതിയ മോട്ടോർ വാങ്ങി സ്ഥാപിക്കുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. ക്വട്ടേഷൻ, ടെണ്ടർ നടപടികൾ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങുന്നതിനാണ് പ്രൊജക്ടിൽ നിഷ്കർഷിച്ചിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ റെയ്ഡ്കോ കേരള 6.5.19 ൽ ലഭ്യമാക്കിയ ഇൻവോയിസിൽ ക്വാട്ട് ചെയ്ത 191876 രൂപയാണ് പ്രൊജക്ടിൽ വകയിരുത്തിയിരിക്കുന്നത്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണവകുപ്പ് 2.122016ലെ സ.ഉ.സാധാ3299/2016 ഉത്തരവു പ്രകാരം ടെണ്ടർ കൂടാതെ സാധന സാമഗ്രികൾ സർക്കാർ/അർദ്ധസർക്കാർ, ഗവ.അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും വാങ്ങാൻ അനുവാദം നൽകിയതിൻെറ അടിസ്ഥാനത്തിൽ മേൽ പറഞ്ഞ ചില സ്ഥാപനങ്ങൾ സ്വന്തമായി സാധന സാമഗ്രികൾ നിർമ്മിക്കാതെ സ്വകാര്യ സംരഭകരിൽ നിന്നും വാങ്ങി നൽകുന്ന

ഇടനിലക്കാരായി പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ടെണ്ടർ ഒഴിവാക്കി വാങ്ങാവുന്ന സാധനങ്ങൾ മേൽപറഞ്ഞ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവക്ക് മാത്രമായി പരിമിതപ്പെടുത്തുതയും അങ്ങനെ അല്ലാത്തവ നിർബന്ധമായും പരസ്യടെണ്ടർ മുഖേന വാങ്ങണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ബാലുശ്ശേരി കുടിവെള്ള പദ്ധതിക്കായി റെയ്ഡ്കോ സപ്ലൈ ചെയ്തിരിക്കുന്നത് DECAN കമ്പനിയുടെ 20.H.P മോട്ടോറാണ്. മേൽ സർക്കാർ ഉത്തരവിന് വിരുദ്ധമായാണ് പഞ്ചായത്ത് ഡക്കാൻ കമ്പനിയുടെ മോട്ടോർ റെയ്ഡ്കോവിൽ നിന്നും വാങ്ങിച്ചിരിക്കുന്നത്. മോട്ടോർ സപ്ലൈചെയ്ത റെയ്ഡ്കോ പഞ്ചായത്തൽ സമർപ്പിച്ച കാഷ് ബിൽ പരിശോധിച്ചതിൽ നികുതികൾ കൂടാതെ 39931 രൂപമോട്ടോറിന്റെ ഇൻസ്റ്റലേഷൻ ചാർജായാണ് ഈടാക്കിയിരിക്കുന്നത്. ഇൻസ്റ്റലേഷൻ ചാർജ് 39931 രൂപ ഏതെല്ലാമിനങ്ങളിലാണ് വരുന്നതെന്ന് ബില്ലിൽ വ്യക്തമാക്കിയിട്ടില്ല. സെക്രട്ടറി തന്നെ നടപ്പിലാക്കിയ എരമംഗലം കുടിവെള്ള പദ്ധതി മോട്ടോർ അറ്റകുറ്റപണി പ്രൊജക്ട് പ്രകാരം 15H.P മോട്ടോർ റിപ്പയർ ചെയ്ത് കിണറിൽ സ്ഥാപിക്കുന്നതിനുള്ള ചാർജ് വാഹനവാടക ഉൾപ്പെടെ 5500 രൂപ മാത്രമാണ് കരാറുകാരായ സോളാർ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം ക്വാട്ട് ചെയ്തിരിക്കുന്നത് . ഇതിൽ നിന്നും ഇൻസ്റ്റലേഷൻ ചാർജിനത്തിൽ റെയ്ഡ്കോ ഈടാക്കിയ തുക ന്യായയുക്തമല്ല എന്ന് വ്യക്തമാണ്. മേൽ അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്.

1-27 ടൂർ ടി.എ. അഡ്വാൻസുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു

സാമ്പത്തിക വർഷത്തിൽ ജീവനക്കാർ മെമ്പർമാർ, മറ്റുള്ളവർ എന്നിവർ, വിവിധ ആവശ്യങ്ങൾക്ക് ടി.എ.അഡ്വാൻസ് ഇനത്തിൽ കൈപ്പറ്റിയ തുകകൾ നിലവിലും അഡ്ജസ്റ്റ് ചെയ്യാതെ അവശേഷിക്കുന്നതായി കാണുന്നു. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| വൗച്ചർ നമ്പർ/ തിയ്യതി | തുക | യാത്രാ ഉദ്ദേശം | റിമാർക്സ് |
|---|---|---|---|
| 21900721 തി.29.10.19 | 5000 | 5.11.19ന് തിരുവനന്തപുരത്ത് നടന്ന ഹരിത അവാർഡിൽ പങ്കെടുക്കുന്നതിന് സെക്രട്ടറി, പ്രസിഡണ്ട് മുതൽ 5 പേർക്ക് 1000രൂപ വീതം അനുവദിച്ചു | വിവിധ സമയങ്ങളിൽ 4000 രൂപ അഡ്ജസ്റ്റ് ചെയ്തു. 1000രൂപ നിലവി ലും അഡ്ജസ്റ്റ് ചെയ്യപ്പെടാതെ അവ ശേഷിക്കുന്നു |
| 21901076 തി.29.10.19 | 5000 | തിരുവനന്തപുരത്ത് നടന്ന ഹരിതകേരള മിഷൻ സുചിത്വ സംഗത്തിൽ പങ്കെടുക്കുന്നതിന് സെക്രട്ടറി, പ്രസിഡണ്ട് മുതൽ 5 പേർക്ക് 1000 രൂപ വീതം അനുവദിച്ചു. | വിവിധ സമയങ്ങളിൽ 3000 രൂപ അഡ്ജസ്റ്റ് ചെയ്തു. 2000 രൂപ നിലവിലും അഡ്ജസ്റ്റ് ചെയ്യപ്പെടാതെ അവശേഷിക്കുന്നു |

പഞ്ചായത്തിന്റെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ പ്രകാരം അഡ്വാൻസ് അനുവദിച്ചതിൽ 3000 രൂപ ഓഡിറ്റ് തിയ്യതിയിലും ക്രമീകരിച്ചു കാണുന്നില്ല. കെ.എഫ്.സി. ആർട്ടിക്കിൾ 88 പ്രകാരം യാത്ര നടത്തിയ മാസത്തിന്റെ തൊട്ടടുത്ത മാസാവസാനത്തിന് മുമ്പായി അന്തിമയാത്രാബത്ത ബില്ലിൽ മുൻകൂർ ക്രമപ്പെടുത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. 3 മാസത്തിനുള്ളിൽ ആയത് ക്രമീകരിച്ചില്ലെങ്കിൽ 18% പിഴ ഈടാക്കുന്നതിനും സ.ഉ.197/2013 ധനം തി.30.4.2013പ്രകാരവും

നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ അഡ്വാൻസ് നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും മേൽ തുകകൾ നാളിതുവരെ ക്രമപ്പെടുത്താതെ അവശേഷിക്കുന്നതിന് കാരണം വിശദമാക്കേണ്ടതാണ്.

## 1-28 ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല

1)പ്രൊജക്റ്റ് നം . 31 /19-20 വീട് വാസയോഗ്യമാക്കൽ (ടി.എസ്സ്.പി)

അടങ്കൽ - 300000

ചെലവ് തുക - 196261

ഫണ്ട് - ടി.എസ്സ്.പി

പേര് കൈപ്പറ്റിയ തുക

1. ചന്ദ്രിക - 46261/31-12-19

2)പ്രൊജക്റ്റ് നം . 30/19-20 വീട് വാസയോഗ്യമാക്കൽ. (എസ്സ്.സി.പി)

അടങ്കൽ- 2550000

ചെലവ് തുക- 1650000

ഫണ്ട് - (എസ്സ്.സി.പി)

പേര് കൈപറ്റിയ തുക

1. ലക്ഷ്മി.എം.ടി - 50000 /31-12-19

2). നാരായണി. - 50000/26-12-19

മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയതിന്റെ രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 30-9-21 ന് നൽകിയ മറുപടിയിൽ ശ്രീമതി.ചന്ദ്രിക നിലവിൽ അവരുടെ വീട് റിപ്പയർ ചെയ്യാൻ പറ്റാത്ത അവസ്ഥയിലാണെന്നും പുതിയ വീടാണ് ആവശ്യമെന്നും കൈപ്പറ്റിയ തുക തിരിച്ചടയ്ക്കാമെന്നും അറിയിച്ചതിനെ തുടർന്ന് വി.ഇ.ഒ അന്വേഷണ റിപ്പോർട്ട് ഭരണസമിതിയ്ക്ക് സമർപ്പിച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എസ്സ്.സി.പി പ്രോജക്റ്റ് പ്രകാരമുള്ള ഗുണഭോക്താക്കളോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടും നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ 9/8/21 ന് രജി:നോട്ടീസ് അയക്കുകയും അതിൽ ഡിസംബർ 31 നകം നിർമ്മാണം പൂർത്തിയാക്കാൻ ആവശ്യപ്പെടുകയും ചെയ്തതായി അറിയിച്ചിട്ടുണ്ട്. ഇതിൽ നിന്നും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിലും തുടർ മോണിറ്ററിംഗിലും പഞ്ചായത്ത് വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. തുടർനടപടി അറിയിക്കേണ്ടതാണ്.

## 1-29 അങ്കണവാടി പ്രവർത്തകർക്ക് ഹോണറേറിയം. വിശദവിവരങ്ങൾ ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് നമ്പർ : 196/ 19-20

അടങ്കൽ : 822759/- വികസനഫണ്ട് ജനറൽ

ചെലവ് : 422759/- ബിൽ നം.9/19-20/11.10.19

400000/ - ബിൽ നം.5/19-20/26-9-19

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ 29 അങ്കണവാടികളിലെ ജീവനക്കാർക്ക് ഓണറേറിയം നൽകുന്നതിനു വേണ്ടിയുള്ള പ്രോജക്റ്റ്. മേൽ സൂചിപ്പിച്ച ബിൽ പ്രകാരം തുക ബന്ധപ്പെട്ട വകുപ്പിന് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. എത്ര ജീവനക്കാർക്ക് എത്ര മാസങ്ങളിലെ തുകയാണിത് എന്നതിന്റെ വിശദാംശങ്ങൾ, രേഖകൾ, എന്നിവ

പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-30 പൊതുമരാമത്ത് പ്രവർത്തികളുടെ ഫയൽ സൂക്ഷിപ്പിൽ കൃത്യതയില്ല

അസി.എഞ്ചിനീയർ സാമ്പത്തിക വർഷം നടപ്പിലാക്കിയ സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പടെയുള്ള പ്രൊജക്ടുകൾ പരിശോധിച്ചതിൽ ഫയൽ സൂക്ഷിപ്പിൽ കൃത്യതയില്ലെന്ന് ബോധ്യപ്പെട്ടു. ഫയൽ സൂക്ഷിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെക്കൊടുക്കുന്നു.

1. പ്രൊജക്ടുകളുടെ എസ്റ്റിമേറ്റിനോടനുബന്ധമായി എസ്റ്റിമേറ്റ് റിപ്പോർട്ട് ഭൂരിഭാഗം പ്രവർത്തികളിലും ഉൾപ്പെടുത്തിയിട്ടില്ല.
2. ടെണ്ടർ നടപടികളിലൂടെ പ്രവൃത്തി ഏറ്റെടുത്ത കരാറുകാർക്ക് ടെണ്ടറുകൾ അംഗീകരിച്ചശേഷം സെലക്ഷൻ നോട്ടീസ് ഭൂരിഭാഗം പ്രവൃത്തികളിലും നൽകി കാണുന്നില്ല. സെലക്ഷൻ നോട്ടീസ് അയക്കുന്ന സംഗതിയിൽ അയക്കുന്ന തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ സെലക്ഷൻ നോട്ടീസ് കൈപറ്റി നിശ്ചിത സമയപരിധിക്കകം കരാറുകാർ പ്രവൃത്തിയുടെ എഗ്രിമെന്റിലേർപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.
3. പ്രവൃത്തികളുടെ നിർവഹണത്തിനായി സൈറ്റ് കൈമാറുന്നതിന്റെ വിവരം മിക്കഫയലുകളിലും ഉൾപ്പെടുത്തുന്നില്ല. ഉൾപ്പെടുത്തുന്ന ഫയലുകളിലൊന്നിലും സൈറ്റ് കൈമാറിയ തിയ്യതി ഉൾപ്പെടുത്തിയിട്ടില്ല.
4. പ്രവൃത്തികളുടെ കരാറുടമ്പടികളിലൊന്നിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് ഉൾപ്പെടുത്തുന്നില്ല. ആയതിനാൽ തന്നെ നിശ്ചിതകാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല. പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും ഈടാക്കേണ്ട പിഴ ഈടാക്കിയതായും കാണുന്നില്ല.
5. പ്രൊജക്ടുകൾ മോണിട്ടറിംഗിന് വിധേയമാക്കി മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ബന്ധപ്പെട്ട ഫയലിൽ ഉൽപ്പെടുത്തുന്നില്ല.
6. ഏതാനും മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഉൾപ്പെടുത്തി കാണുന്നില്ല. ഉദാ. 162/19-20 ലക്ഷം വീട് കോളനി ഒരോക്കോട്ട് മുക്ക് റോഡ് പ്രവൃത്തി, 171/19 എരമംഗലം ജി.എൽ.പി.സ്കൂളിന് ചുറ്റുമതിൽ നിർമ്മാണം.

മരാമത്ത് പ്രവൃത്തികളുടെ ഫയൽ സൂക്ഷിപ്പിൽ കണ്ടെത്തിയ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

2-1 വസ്തുനികുതി നിർണ്ണയത്തിലെ അപാകതമൂലം തനത് വരുമാനത്തിൽ നഷ്ടം

ഗ്രാമപഞ്ചായത്തിന്റ 2019 - 20 വർഷത്തെ വരവിനങ്ങളുടെ ഓഡിറ്റിന്റെ ഭാഗമായി വസ്തുനികുതി നിർണ്ണയ ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതൾ ചുവടെ ചേർക്കുന്നു.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ കെട്ടിടത്തിന്റെ വിവിധ ഉപയോഗക്രമമനുസരിച്ച് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ആയതിൽ 100 $M^2$ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 40/- രൂപയും, 100 $M^2$ന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 50/- രൂപയുമാണ്. 200 $M^2$ന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 70/- രൂപയുമാണ് മേൽ ചട്ടത്തിലെ 3-ാംചട്ടത്തിലെ ഉപചട്ടം 2, 5

എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി കെട്ടിടത്തെ പല മുറികളായി തിരിച്ച് അടിസ്ഥാനനിരക്ക് വസ്തുനികുതി നിർണ്ണയിച്ചു. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം. | കെട്ടിട നമ്പർ തറവിസ്തീർണ്ണം | ഉടമസ്ഥന്റെ പേര്, മേൽവിലാസം | പൂർത്തികരണ/ റെഗുലറൈസേഷൻ പ്ലാൻ പ്രകാരമുള്ള തറവിസ്തീർണ്ണം | നികുതി ഈടാക്കിയ തറവിസ്തീർണ്ണം |
|---|---|---|---|---|
| 1 | 8/30 C മുതൽ 8/ 30 F വരെ - 151.75 ച.മീ<br>8/30 മുതൽ 8/30 വരെ -474.15 ച.മീ | നിത അനുരാധ് ബാലുശ്ശേരി | 625.91 ച.മീ (പ്രഥമ മേഖല) | 625.91 ച.മീ |
| 2 | 2/305 A - 32 ച.മീ<br>2/305 B- 32 ച.മീ<br>2/305 D -32 ച.മീ<br>2/305 E -32 ച.മീ<br>2/305 F- 20.44ച.മീ<br>2/305 G- 26.8 ച.മീ<br>2/305 H-26.8 ച.മീ<br>2/305 J -26.8 ച.മീ<br>2/305 K -35.86ച.മീ<br>2/305 L -26.8 ച.മീ<br>2/305 M = 26.8 ച.മീ<br>318.3 ച.മീ | സിദ്ധീഖുൽ അക്ബർ അക്ബർ മൻസിൽ ബാലുശ്ശേരി, കോക്കല്ലൂർ | 318.3 ച.മീ | 318.3 ച.മീ |
| 3 | 7/741-D – 179.42ച.മീ<br>7/741-E -19.75ച.മീ | പ്രസിഡണ്ട് റിജീയണൽ കോപ്പറേറ്റീവ് ബാങ്ക്, ബാലുശ്ശേരി | 244.52 ച.മീ | 244.52 ച.മീ |

| | | | | |
|---|---|---|---|---|
| | 7/741-F – 22.54 ച.മീ<br>7/741-G -22.81 ച.മീ<br>244.52 | | | |
| 4 | 7/1207 M – 24.3ച.മീ<br>7/1207 N – 24.3ച.മീ<br>7/1207 P- 24.3ച.മീ<br>7/1207 Q- 24.3ച.മീ<br>7/1207 R- 24.3ച.മീ<br>7/1207 S – 24.3ച.മീ<br>145.8 ച.മീ | മിർഷാദ് ചോലവീട്ടിൽ വളയനാട് , ഗുരുവായൂരപ്പൻ കോളേജ് കോഴിക്കോട് | 427.68ച.മീ<br>2016-17 ൽ -280.28ച.മീ<br>2019-20 ൽ - 145.8 ച.മീ | 426.08ച.മീ |

ക്രമനമ്പർ (1) പ്രകാരമമുള്ള വാണിജ്യകെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരവും, സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരവും കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം 625.91 ച.മീ ച.മീ ആണ്. പ്രസ്തുത കെട്ടിടത്തിന്റെ പൂർത്തികരണം രണ്ട് ഘട്ടങ്ങളിലായാണ് നടന്നിട്ടുള്ളത്. ഭാഗികമായ പൂർത്തികരണ പ്ലാൻ (2015-16 രണ്ടാം അർദ്ധവർഷം) നൽകിയ തീയതിയിൽ താഴത്തെ നിലയുടെ (151.75ച.മീ) പൂർത്തികരണം മാത്രമാണ് നടത്തിയിട്ടുള്ളത്. അതിനാൽ 100 $M^2$ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 40/- രൂപ എന്ന് രീതിയിൽ വസ്തു നികുതി കണക്കാക്കി. എന്നാൽ പെർമിറ്റ് പ്രകാരം പൂർത്തികരണപ്ലാൻ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചപ്പോൾ കെട്ടിട നമ്പർ 8/30 C, D ,E ,F (തറവിസ്തീർണ്ണം 22.97 ച.മീ+ 22.63 ച.മീ+ 98.59 ച.മീ +7.565) നൽകുകയും 100 $M^2$ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 40/- രൂപ എന്ന രീതിയിൽ നികുതി കണക്കാക്കുകയും ചെയ്തു. പൂർത്തികരണ പ്ലാൻ നൽകിയപ്പോൾ 2019 ഒന്നാം അർദ്ധവർഷം) (എ4-3613/19 തീയതി 3/ 6/19) 474.15 ച.മീ ന് വിവിധ നമ്പറുകൾ നൽകി അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 70/- രൂപായി കണക്കാക്കിയിട്ടുണ്ട്.

മേൽ കെട്ടിടത്തിന്റെ പൂർത്തികരണ പ്ലാൻ നൽകിയപ്പോൾ വസ്തുനികുതി 200 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് 70 /- രൂപ എന്ന് കണക്കാക്കാതെ ഭാഗികമായ പൂർത്തികരിച്ച 151.75 ച.മീ തറവിസ്തീർ ണ്ണത്തിന് 100 $M^2$ന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 40/- രൂപ എന്ന രീതിയിൽ കണക്കാക്കിയതിനാലും, പൂർത്തികരണ പ്ലാൻ പ്രകാരമുള്ള തറവിസ്തീർണ്ണത്തിന് മുഴവനും 200 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് 70 /- രൂപ എന്ന് ബാധകമാക്കാത്തതിനാലും വസ്തുനികുതി ഈടാക്കിയതിൽ 2019 ഒന്നാം അർദ്ധവർഷം മുതൽ (151.75X30+20% 5463 ) = 5463 /-രൂപയും, ലൈബ്രറി സെസ്സിനത്തില് 273/-രൂപയും നഷ്ടമുണ്ടായിട്ടുണ്ട്.

ക്രമനമ്പർ (2) പ്രകാരമമുള്ള വാണിജ്യകെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണവും,നിർണ്ണയിച്ച തറവിസ്തീർണ്ണം 318.3 ച.മീ_ആണ്. എന്നാൽ 100

$M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിര ക്ക് ചതുരശ്രുമീറ്ററിന് 50/- രൂപ എന്ന് കണക്കാക്കിയതിനാലും, 200 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രുമീറ്ററിന് 70/- രൂപ എന്ന് കണക്കാക്കത്തിനാലും ( 148.44X70+20% = 12469) + (169.86x70-5%+20% =13555) - 148.44X50+20% = 8906) + (169.86x50-5%+20% =9682) =7436/- രൂപ വസ്തുനികുതി ഇനത്തിലും 372/-രൂപ ലൈബ്രറി സെസ് ഇനത്തിലും രണ്ടാം അർദ്ധ വർഷം മുതൽ നഷ്ടം ഉണ്ടായിട്ടുണ്ട്. 2019-20 ൽ 3718/- രൂപ വസ്തുനികുതി ഇനത്തിലും 186/-രൂപ ലൈബ്രറി സെസ് ഇനത്തിലും നഷ്ടം ഉണ്ടായിട്ടുണ്ട്.

ക്രമനമ്പർ (3) പ്രകാരമമുള്ള വാണിജ്യകെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണവും, നിർണ്ണയിച്ച തറവിസ്തീർണ്ണം 244.52 ച.മീ ആണ്. എന്നാൽ 100 $M^2$ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിര ക്ക് ചതുരശ്രുമീറ്ററിന് 40/- രൂപ എന്ന് കണക്കാക്കിയതിനാലും, 200 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിര ക്ക് ചതുരശ്രുമീറ്ററിന് 70/- രൂപ എന്ന് കണക്കാക്കത്തിനാലും (244.52X70-5%+20% = 19513) - (244.52X40-5%+20% = 11150) = 8363/- രൂപ വസ്തുനികുതി ഇനത്തിലും 418/- രൂപ ലൈബ്രറി സെസ് ഇനത്തിലും രണ്ടാം അർദ്ധ വർഷം മുതൽ നഷ്ടം ഉണ്ടായിട്ടുണ്ട്. 2019-20 ൽ 4182/-രൂപ വസ്തുനികുതി ഇനത്തിലും 209/- രൂപ ലൈബ്രറി സെസ് ഇനത്തിലും നഷ്ടം ഉണ്ടായിട്ടുണ്ട്. മുൻവർഷങ്ങളിൽ മേൽ കെട്ടിടത്തിൽ പൂർത്തികരിച്ച മുറികളുടെ വസ്തുനികുതി കൂടി പുന പരിശോധിച്ച് നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

ക്രമനമ്പർ (4) പ്രകാരമമുള്ള വാണിജ്യകെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം 427.68ച.മീ നിർണ്ണയിച്ച തറവിസ്തീർണ്ണം 426.08ച.മീ ച.മീ_ആണ്. എന്നാൽ 100 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിര ക്ക് ചതുരശ്രുമീറ്ററിന് 50/- രൂപ എന്ന് കണക്കാക്കിയതിനാലും, 200 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിര ക്ക് ചതുരശ്രുമീറ്ററിന് 70/- രൂപ എന്ന് കണക്കാക്കത്തിനാലും (147.40x70-5%+20% = 11763) – (145.8X50-5%+20%=8311) = 3452/- രൂപ വസ്തുനികുതി ഇനത്തിലും 173/-രൂപ ലൈബ്രറി സെസ് ഇനത്തിലും ഒന്നാം അർദ്ധ വർഷം മുതൽ നഷ്ടം ഉണ്ടായിട്ടുണ്ട്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (28/2019-20 തീയതി - 30.09.2021 ) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ കെട്ടിടങ്ങളുടെയും, 2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ വസ്തു നികുതി ബാധകമായ മുഴവൻ കെട്ടിടങ്ങളുടെയും വസ്തു നികുതി പുനപരിശോധിച്ച് പുനർ നിർണ്ണയിക്കേണ്ടതും, നികുതിയിനത്തിൽ നഷ്ടം വന്ന തുക ഈടാക്കേണ്ടതും, കൂടാതെ 2019-20 ൽ നികുതി നിർണ്ണയിച്ച അഷറഫ് മലയിൽ അകത്തൂട്ട്, ബാലകൃഷണൻ കോലാടത്ത് മീത്തൽ,അബ്ദു റഹീം, നൂർജഹാൻ കൊല്ലംകണ്ടി എന്നിവരുടെ വാണിജ്യകെട്ടിടങ്ങളുടെയും നികുതി പിനർനിർണ്ണയിച്ച് ഈടാക്കേണ്ടതുമാണ്. മേൽ പറഞ്ഞ പ്രകാരം നഷ്ടം വന്ന വസ്തുനികുതി ഇനത്തിലെ 16815 /- രൂപയും, ലൈബ്രറി സെസ്സിനത്തിൽ 841 /- രൂപയും ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും. വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കുമ്പോൾ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള നികുതി നിർണയത്തിന് ബാധകമായ പൂർണ്ണമായ തറവിസ്തീർണ്ണത്തിനും നികുതി നിർണയിച്ചിട്ടുണ്ടെന്ന് സെക്രട്ടറിയും, ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതുമാണ്.

## ഭാഗം -3

**3-1 കുനഞ്ചേരി അങ്കണവാടി നടപ്പാത നവീകരണം-ടെണ്ടർ കുറവ് കുറവുചെയ്യാതെ കരാറുകാരന് ഫൈനൽ ബിൽ അനുവദിച്ചു**

പ്രൊജക്ട് നമ്പർ- 135/19-20

വകയിരുത്തിയ തുക- 100000

ചെലവു തുക- 78459 (Order No 383/25.3.19)

കരാറുകാരൻ - എൻ. ഉദയകുമാർ

എം ബുക്ക് നമ്പർ- 46/18-19

നിർവഹണം - അസി.എഞ്ചിനീയർ

കുനഞ്ചേരി അങ്കണവാടി നടപ്പാത കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി 2018-19 സാമ്പത്തിക വർഷത്തിൽ കരാറുകാരനായ ശ്രീ.എൻ ഉദയകുമാർ 4.1% കുറവുനിരക്കിൽ ഏറ്റെടുക്കുകയും പ്രവൃത്തി പൂർത്തീകരിച്ച് 2019-20 സാമ്പത്തിക വർഷത്തിൽ കരാറുകാരന് ഫൈനൽ ബിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഫൈനൽ ബിൽ അനുവദിച്ചപ്പോൾ ടെണ്ടർകുറവ് കുറവു കുറവുവരുത്താതെയാണ് തുക അനുവദിച്ചിരിക്കുന്നത്. കരാറുകാരന് അനുവദിച്ച തുകയുടെയും അനുവദനീയമായ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| കരാറുകാരന് അനുവദിച്ച തുക | | കരാറുകാരന് അർഹമായ തുക | |
|---|---|---|---|
| ആകെ പ്രവൃത്തി മൂല്യം- | 78459 | പ്രവൃത്തി മൂല്യം- | 78459 |
| I.T- 1% | 785 | (--)ടെണ്ടർ കുറവ്- | 3217 |
| K.C.W.W.F- | 785 | | 75242 |
| കരാറുകാരന് അനുവദിച്ചത് | 76889 | I.T | 573 |
| | | K.C.W.W.F- | 753 |
| | | അർഹമായ തുക | 73916 |

ടെണ്ടർകുറവ് കുറവുചെയ്യാതെ കരാറുകാരന് 2973 രൂപ (76889-73916) അധികം നൽകാനുണ്ടായ സാഹചര്യം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് അധികം നൽകിയ 2973 രൂപ ഉത്തരവാദിയായവരിൽനിന്നും തിരികെ ഈടാക്കേണ്ടതാണ്.

**3-2 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ - കവുങ്ങിൻ തൈ വിതരണം**

പ്രൊജക്ട് - 44/19-20

അടങ്കൽ -130750

ചെലവ് - 130750 (104600 വികസനഫണ്ട്+26150 ഗുണഭോക്തൃ വിഹിതം)

ബിൽ നമ്പർ - ബി1/19-20തീ.07.08.2019

7 ഹെക്ടറിൽ പുതുതായി കവുങ്ങിൻ തൈ വെച്ച് പിടിപ്പിക്കാനുദ്ദേശിച്ചാണ് പദ്ധതി നടപ്പാക്കിയത്. വിഎഫ്പിസികെ യിൽ നിന്ന് ഇതിനായി 5230 എണ്ണം കവുങ്ങിൻ തൈകൾ വാങ്ങി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

മേൽ ഉത്തരവ് ഖണ്ഡിക 6-1-5 പ്രകാരം തെങ്ങിൻ തൈക്ക് അർഹമായ സബ്സിഡി 75% മാണ്. ഇതു പ്രകാരം ഗുണഭോക്താക്കളിൽ നിന്ന് 32687.50 രൂപ (130750X25/100) ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുക്കേണ്ടിയിരുന്നു. എന്നാൽ 26150 രൂപയാണ് ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തത്. 6537.50 രൂപ പദ്ധതി വിഹിതത്തിൽ നിന്ന് അധികം ചെലവഴിച്ചതായി കാണുന്നു. തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 28.09.2021, 29.09.2021 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| സെക്രട്ടറി ജില്ലാ പഞ്ചായത്ത് | 2019-20 | 120000 | നെല്ല് കൃഷിക്ക് കൂലിചെലവ് സബ്സിഡി | 120000 | 0 |
| | 2019-20 | 420000 | ലൈഫ് ഭവനപദ്ധതി-എസ്.സി.പി | 420000 | 0 |
| | 2019-20 | 240000 | ലൈഫ് ഭവനപദ്ധതി-ജനറൽ | 240000 | 0 |
| | 2019-20 | 28046 | ലൈഫ് ഭവനപദ്ധതി- | 28046 | 0 |

| | | | | | |
|---|---|---|---|---|---|
| | | | എസ്.സി.പി (സ്പിൽ ഓവർ) | | |
| | 2019-20 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |
| | 2019-20 | 100000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 100000 | 0 |
| | 2019-20 | 105000 | ക്ഷീര ഗ്രാമം പദ്ധതി (വനിത) | 105000 | 0 |
| | | ആകെ | | 1163046 | 0 |
| സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 100000 | നെല്ല് കൃഷിക്ക് കൂലിചെലവ് സബ്സിഡി | 100000 | 0 |
| | 2019-20 | 740000 | ലൈഫ് ഭവനപദ്ധതി-എസ്.സി.പി | 740000 | 0 |
| | 2019-20 | 1160000 | ലൈഫ് ഭവനപദ്ധതി ജനറൽ | 1160000 | 0 |
| | 2019-20 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |
| | 2019-20 | 500000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 500000 | 0 |
| | | ആകെ | | 2650000 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

| നിർവഹണ എജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ/ ചെക്ക് നമ്പർ | മുൻകർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | വടക്കേടത്ത് കുടിവെള്ള പദ്ധതി | 21701297 | 11,10,000 | 4,02,904 | 7,07,096 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | കവ്വക്കാട് കുടിവെള്ള പദ്ധതി | 21901323 | 5,00,000 | -- | 5,00,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ (എം.എസ്) 68/2018. ത.സ്വ.ഭ.വ തീയതി-18/08/2018 | 19,60,000 | 71,69,163 | 6,91,176 | -- | 84,37,987 |
| ഇ.എം.എസ് ലോൺ | സ.ഉ(സാധാ) 646/ത.സ്വ.ഭ.വ 25/02/2010 | -- | 75,000 | 75,000 | -- | 0 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 25,34,302 |
| തൻവർഷം നിക്ഷേപിച്ച തുക | 3,68,468 |
| ആകെ | 29,02,770 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 29,02,770 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | ഓഫീസ്....) | | | |
| 1 | റീജിയണൽ കോപ്പറേറ്റീവ് കോപ്പറേറ്റീവ് ബാങ്ക് ബാലുശ്ശേരി | 26.04.2019 | 12 മാസം | 5,94,451 |
| 2 | ബാലുശ്ശേരി കോപ്പറേറ്റീവ് അർബൻ ബാങ്ക് | 20.01.2020 | 12 മാസം | 15,64,183 |
| 3 | കെ.ഡി.സി ബാങ്ക് | 29.04.2019 | 12 മാസം | 7,41,136 |
| 4 | ഡിസ്ട്രിക്ട് കൊപ്പറേറ്റീവ് ഹോസ്പിറ്റൽ ഷെയർ | - | - | 2,500 |
| 5 | മലപ്പുറം സ്പിന്നിംഗ് മിൽ ഷെയർ | - | - | 500 |
| | ആകെ | | | 29,02,770 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,15,085 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീതി നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2004-05 | 2(3) | 136 | ദാസൻ മലയിൽ | 119010100357 തി-2.5.19 |
| 2005-06 | 2(3) | 6 | മാധവി വടക്കയിൽ | 119010100447 തി-8.5.19 |
| 2005-06 | 2(3) | 10 | അനന്തൻ നായർ | 119010100448 തി-8.5.19 |
| 2005-06 | 2(3) | 6 | വിജയൻ | 119010100449 തി-8.5.19 |
| 2018-19 | 2(1) | 6048 | മധു പുനത്തിൽ | 119010102036 തി-14.8.19 |
| 2017-18 | 2(1) | 7330 | സുരേഷ് ബാബു, രാജൻ | 119010102091 തി-17.8.19 |
| 2017-18 | 2(1) | 3600 | സഫീർ അബ്ദുൾ സലാം | 119010101634 തി-2.5.19 |
| 2017-18 | 2(1) | 2927 | അബ്ദുൾ സമദ് | 119010101714 തി-24.7.19 |
| 2017-18 | 2(5) | 2160 | ദിയ ഡയനസ്റ്റിക് സെന്റർ | 119010104992 തി-15.10.19 |
| 2010-11 | 3(1) | 5871 | ഗിരീഷ് കുമാർ. എ.ഇ. ഇറിഗേഷൻ | 119010105639 തി-30.10.19 |
| 2018-19 | 1-13(3) | 960 | കൈരളി ഡ്രൈവിംഗ് സ്കൂൾ | 119010106015 തി-7.11.19 |
| 2018-19 | 1 -13(3) | 360 | നസീർ അഹമ്മദ് | 119010105986 തി-6.11.19 |
| 2018-19 | 2(1) | 6050 | അബ്ദുൾ ഖാദർ | 119010106197 തി-13.11.19 |

| | | | | |
|---|---|---|---|---|
| 2018-19 | 2(1) | 6715 | അരവിന്ദൻ | 119010106224 തി-14.11.19 |
| 2018-19 | 2(1) | 12765 | ഗോപാല കൃഷ്ണൻ | 119010106258 തി-15.11.19 |
| 2018-19 | 1-13(3) | 840 | അക്ഷയ സെന്റർ | 119010106337 തി-16.11.19 |
| 2018-19 | 1.13(3) | 600 | പിറ്റ് മാൻ കമ്പ്യൂട്ടേഴ്സ് | 119010106338 തി-16.11.19 |
| 2018-19 | 1.13(3) | 960 | ഹരി.കീർത്തനം | 119010106022 തി-7.11.20 |
| 2015-16 | 2(2) | 5632 | ഹരീഷ് കുമാർ ജയേഷ് കുമാർ | 119010107163 തി-4.12.19 |
| 2015-16 | 2(2) | 1862 | അനുപമ ചന്ദൻ കണ്ടി | 1190101019348 തി-7.8.19 |
| 2015-16 | 2(2) | 40 | മാധവൻ.വള്ളിചാത്ത് | 119010103753 തി-27.9.19 |
| 2015-16 | 2(2) | 1027 | ബാബുരാജൻ കന്നോര | 119010106307 തി-15.11.19 |
| 2015-16 | 2(2) | 8220 | അബ്ദുൾ അസീസ് | 1190101073 6 തി-7.11.19 |
| 2017-18 | 2(2) | 5348 | രവീന്ദ്രൻ.കെ.കെ. മഹേശ്വരി | 119010107313 തി-7.11.19 |
| 2017-18 | 2(1-2) | 5609 | ഭാസ്കരൻ തെയ്യത്താം കണ്ടി | 119010107556 തി-16.11.19 |
| 2018-19 | 2(1) | 7947 | മുഹമ്മദ് ഫൈസൽ | 119010108593 തി-03.2.20 |
| 2018-19 | 2(1) | 19047 | മെഹജാബിൻ | 11901010034 തി-20.3.2020 |
| 2018-19 | 2(1) | 3009 | കെ.പി.ബീരാൻ | 119010108351 തി-20.1.20 |
| ആകെ | | 1,15,085 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1999-00, 30 (1), (2), 30(5) | 2003-04, 3-11(10) | റോഡ് അറ്റകുറ്റപണി അധിക ചെലവ് | തടസ്സം തുടരുന്നു |
| 1999-00, 33 | 2003-04, 11.13.5.7 | മൈത്രി ഭവന പദ്ധതി-പുരോഗതി റിപ്പോർട്ട് ലഭിച്ചില്ല. | തടസ്സം തുടരുന്നു |
| 2000-01 | 2003-04, 11.14 | എടക്കടി ശുദ്ധജല വിതരണ പദ്ധതി | തടസ്സം തുടരുന്നു |

| | | | |
|---|---|---|---|
| | | അപാകതകൾ. | |
| 2001-02 | 2003-04, 11.14 | ചെമ്പോളിത്താഴം ശുദ്ധജല വിതരണ പദ്ധതി അപാകതകൾ. | തടസ്സം തുടരുന്നു |
| 1999-00 | 2003-04, 11.14 | പൊന്നരം തെരു-പുനത്തറ റോഡ് അപാകതകൾ. | തടസ്സം തുടരുന്നു |
| 2002-03, 2-2 | 2006-07, 3.79.4.5 | കാഷ് ബുക്ക് എഴുതുന്നതിലെ അപാകതകൾ | തടസ്സം തുടരുന്നു |
| 2002-03, 3-4 | 2006-07, 3.79.17.8 | ജെ.ജി.എസ്.വൈ പദ്ധതികൾ പൂർത്തിയാക്കാത്തത്. | തടസ്സം തുടരുന്നു |
| 2014-15, 2-2 | 2016-17, അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 73982202 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75095335 |
| വരവിനങ്ങളിലുള്ള നഷ്ടം | 16815 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 9691 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 20,99,829 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 16,815 | - | ശ്രീ.മനോജ്കുമാർ.കെ.ടി, സെക്രട്ടറി |
| 3-1 | - | 3153 | ശ്രീ.റിഷിലാൽ, അസി.എഞ്ചിനീയർ |
| 3-2 | - | 6538 | ശ്രീമതി വിദ്യ പി, കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 10,99,829 | ശ്രീമതി.ബേബിഷീല , എച്ച്.എം, ജിഎൽപിഎസ്, ബാലുശ്ശേരി |
| 1-15 | 10,00,000 | ശ്രീമതി.ബേബിഷീല , എച്ച്.എം, ജിഎൽപിഎസ്, ബാലുശ്ശേരി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| | | |
|---|---|---|
| ഖണ്ഡിക 2-1 | ഗ്രന്ഥശാലാവരി | 841 രൂപ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലം |
|---|---|---|
| ശ്രീ.മനോജ്കുമാർ.കെ.ടി, സെക്രട്ടറി | സെക്രട്ടറി ബാലുശ്ശേരി ഗ്രാമ പഞ്ചായത്ത് | പുത്തൻപുരക്കൽ കല്ലാനോട് |
| ശ്രീ.റിഷിലാൽ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് | ശ്രീനിവാസ്, ചേരിക്കൽ, പിണറായി,കണ്ണൂർ |
| ശ്രീമതി വിദ്യ പി, കൃഷി ഓഫീസർ | കൃഷിഓഫീസർ ബാലുശ്ശേരി | നന്ദന വിഹാർ വെസ്റ്റ്ഹിൽ കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1998-99 | എൽ.എഫ്.കെ.കെ.ഡി/ പി.10/ 1390/2019(1) തീയതി 05.08.2019 | 1 | 41 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/ പി.10/ 1390/2019(2) തീയതി 05.08.2019 | 2 | 30,33 |
| 2000-01 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി/ പി.10/ 1390/2019(4) തീയതി 05.08.2019 | 4 | 5,9,10,11 |
| 2001-02 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി/ പി.10/ 1390/2019(6) തീയതി 05.08.2019 | 1 | 4 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/ പി.10/ 1390/2019(7) തീയതി 05.08.2019 | 2 | 2-2, 3-4 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/ പി.1/ 1390/2019(8) തീയതി 05.08.2019 | 1 | 3-3 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/ പി.1/ 1390/2019(9) തീയതി 05.08.2019 | 3 | 3-6, 3-7, 4-2 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/ പി.1/ 1390/2019(10) തീയതി 05.08.2019. | 4 | 3-3, 3-6, 3-12, 3-13 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/ പി.10/ 1635/2017തീയതി 03.11.2017 | 12 | 2-3, 2-5, 2-13, 2-14, 2-15, 3-1, 3-2,3-15(1), (4), (8), 3-17, 3-18, 3-19, 3-20, 3-21 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/ പി.10/ 1023/2019 തീയതി 09.07.2019 | 14 | 3-5, 3-6, 3-7, 3-16, 3-17, 3-18, 3-20, 3-22, 3-24, 3-26, 3-27, 3-28, 3-29 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/ പി.10/ 823/13 തീയതി 13.08.2013 | 6 | 3-2, 3-9, 3-11, 3-12, 3-13, 4-3 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/ പി.10/ 1671/12 തീയതി 12.02.2013 | 11 | 1-2, 1-3, 2-1, 2-3(1), 2-3(2), 2-4, 2-5, 3-5, 3-6, 3-7, 3-8 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/ പി.10/ 1863/13 തീയതി 12.04.2013 | 16 | 2-5, 2-6, 3-1,3-2, 3-4, 3-6, 3-8, 3-9, 3-10, 3-12, 3-14, 3-15, 3-16, 3-17, 3-18, 4-3 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി/ പി.10/ 1507/14(2) തീയതി 07.11.2014 | 16 | 1-3, 3-1, 3-2, 3-4, 3-5, 3-6, 3-8, 3-9, 3-13, 3-14, 3-15, 3-16, 3-17, 4-1, 4-2, 4-3 |
| 2012-13, 13-14 | നം.കെ.എസ്.എ.കെ.കെ.ഡി. പി.10/964/2019 തീയതി 09.07.2019 | 23 | 2-2, 2-3, 2-5, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-10, 3-13, 3-15, 3-16, 3-18, 3-19, 3-20, 3-21, 3-23, 3-24, 3-27, 3-29, 3-30 |
| 2014-15 | നം.കെ.എസ്.എ.കെ.കെ.ഡി. പി.10/1908/16 | 15 | 2-1, 2-2, 3-1, 3-2, 3-3, 3-5, 3-6, 3-8, 3-9, |

| | | | |
|---|---|---|---|
| | തീയതി.30-06-2017 | | 3-10, 3-11, 3-12, 3-13, 3-14, 3-15 |
| 2015-16 | നം.കെ.എസ്.എ.കെ.കെ.ഡി. പി.10/339/2018 തീയതി. 16.02.18 | 7 | 2-1 (3,4,8), 2-2, 2-3, 3-4(1), 3-6, 3-7, 3-10 |
| 2016-17 | നം.കെ.എസ്.എ.കെ.കെ.ഡി. പി.10/300/2019 തീയതി.08.05.2019 | 11 | 2-1(1മുതൽ 9 വരെ), 2-3, 2-5, 2-6, 2-10, 3-4(2), 3-9, 3-10, 3-12(1), (2), 3-13 |
| 2017-18 | നം.കെ.എസ്.എ.കെ.കെ.ഡി. പി.10/270/2019 തീയതി.07.05.2019 | 20 | 1-10(4)(5), 1-11, 1-12, 2-1, 2-2, 2-3(1), 2-5(2), (5), 2-6, 3-1, 3-2(2), (3), 3-3, 3-7, 3-8(2), 3-9, 3-11, 3-12, 3-13, 3-14, 3-15, 3-16 |
| 2018-19 | നം.കെ.എസ്.എ.കെ.കെ.ഡി. പി.4/106/2020 തീയതി.01.06.2020 | 12 | 1-10, 1-12(1,2,3,4,5), 1-13(1), 1-13(2), 1-13(3), 1-13(4), 1-14(2), 1-14(3), 1-14(5), 1-14(6), 1-14(12), 1-14(13) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്